# ബറാക് ഒബാമ വരെ


മില്ലാർഡ് ഫിൽമോർ (1850-1853)


ഫ്രാങ്ക്ളിൻ പിയേഴ്സ് (1853-1857)


ജെയിംസ് ബുച്ചാനൻ (1857-1861)


ഏബ്രഹാം ലിങ്കൺ (1861-1865)


ആൻഡ്രു ജോൺസൺ (1865-1869)


യുലീസസ് എസ്. ഗ്രാൻഡ് (1869-1877)


റൂഥർ ഫോർഡ് ബി. ഹെയ്സ് (1877-1881)


ജെയിംസ് എ. ഗാർഫീൽഡ് (മാർച്ച്4- സെപ്റ്റംബർ 19, 1881)


ചെസ്റ്റർ എ. ആർതർ (1881-1885)


ഗ്രോവർ ക്ലെവെലിൻഡ് (1885-1889, 1893-1897)


ബെഞ്ചമിൻ ഹാരിസൺ (1889-1893)


വില്യം മാക് കിൻലി (1897-1901)


തിയഡോർ റൂസ്‌വെൽറ്റ് (1901-1909)


വില്യം ഹൊവാർഡ് താഫ്റ്റ് (1909-1913)


വ്യൂഡ്രോ വിൽസൺ (1913-1921)


വാറൻ ജി. ഹാർഡിംഗ് (1921-1923)


കാൽവിൻ കൂളിഡ്ജ് (1923-1929)


ഹെർബർട്ട് ഹൂവർ (1929-1933)


ഫ്രാങ്ക്ളിൻ ഡി റൂസ്‌വെൽറ്റ് (1933-1945)


ഹാരി എസ്. ട്രൂമാൻ (1945-1953)


ഡ്വയ്റ്റ് ഡി. ഐസനോവർ (1953-1961)


ജോൺ എഫ്. കെന്നഡി (1961-1963)


ലിൻഡൺ ബി. ജോൺസൺ (1963-1969)


റിച്ചാർഡ് നിക്സൺ (1969-1974)


ജെറാൾഡ് ഫോർഡ് (1974-1977)


ജിമ്മി കാർട്ടർ (1977-1981)


റൊണാൾഡ് റീഗൻ (1981-1989)


ജോർജ് എച്ച്. ഡബ്ല്യു. ബുഷ് (1989-1993)


ബിൽ ക്ലിന്റൺ (1993-2001)


ജോർജ് ഡബ്ല്യു. ബുഷ് (2001-2009)

# പാരമ്പര്യേതര ഊർജസ്രോതസ്സുകളുടെ പ്രാധാന്യം

പ്രൊഫ. ലോപ്പസ് മാത്യു



**സൗരോർജം ഓരോ വർഷവും ഭൂമിക്കു ലഭിക്കുന്നതു, ലോകത്തു മനുഷ്യൻ ഇന്നുപയോഗിക്കുന്ന എനർജിയുടെ 35000 ഇരട്ടിയാണ്. പക്ഷേ, പല രീതിയിൽ മനുഷ്യൻ ഉപയോഗപ്പെടുത്തേണ്ട ഈ എനർജി ഇനിയും ഫലപ്രദമായി ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല.**

**പെ**ട്രോളിയം ഉത്പന്നങ്ങളുടെ അഭൂതപൂർവമായ വിലക്കയറ്റത്തിന്റെ പശ്ചാത്തലത്തിലും, വാഹനങ്ങൾ വർധിക്കുകയും, അതുവഴി അവയിലുപയോഗിക്കുന്ന ഇന്ധനത്തിന്റെ ഉപയോഗം മൂലമുണ്ടാവുന്ന മലിനീകരണത്തിന്റെ പശ്ചാത്തലത്തിലും നമ്മുടെ ഊർജോത്പാദനവും ഉപഭോഗവും പുനർവിചിന്തനം ചെയ്യേണ്ട കാലഘട്ടം അതിക്രമിച്ചിരിക്കുകയാണ്.

സാധാരണ ഫോസിൽ ഫ്യൂവൽസ് എന്ന ലിസ്റ്റിൽ ഉൾപ്പെടുന്ന കൽക്കരി, ക്രൂഡ് ഓയിൽ (മണ്ണെണ്ണ, പെട്രോൾ, ഡീസൽ, താർ), ഗ്യാസ്സ് (എൽപിജി, സിഎൻജി,എൽഎൻജി) തുടങ്ങിയവ ഇന്നു വളരെ വില കൂടിയ വസ്തുക്കളായി മാറിയിരിക്കുന്നു. ഇവയുടെ ലഭ്യത കുറഞ്ഞുകൊണ്ടിരിക്കുന്നു. അല്ലെങ്കിൽ പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിൽ രാജ്യങ്ങൾ പരാജയപ്പെട്ടിരിക്കുന്നു. അതുള്ള രാജ്യങ്ങൾ വില വർധിപ്പിച്ചുകൊണ്ടിരിക്കുന്നു.

എല്ലാറ്റിനുമുപരിയായി ഫോസിൽ ഇന്ധനത്തിന്റെ ഉപയോഗം മൂലം അന്തരീക്ഷം മലിനീകൃതമാവുകയും ഗ്രീൻഹൗസ് പ്രതിഭാസത്തിനു കാരണമാവുകയും ചെയ്യുന്നു. അന്തരീക്ഷത്തിൽ കാർബൺ ഡൈ ഓക്സൈഡും കാർബൺ മോണോക്സൈഡും മീഥൈനും കണക്കിൽകവിഞ്ഞുകൂടുന്നു. ഇതിന്റെ ഫലമായി അന്തരീക്ഷത്തിലെ ചൂടു കൂടുന്നു (ഗ്ലോബൽ വാമിംഗ്). മഞ്ഞുമലകൾ ഉരുകാനും, സമുദ്രങ്ങളിലെ ജലനിരപ്പുയരാനും ഇതു കാരണമാകുന്നു. മൊത്തത്തിൽ ഭൂമിയുടെയും പ്രകൃതിയുടെയും സന്തുലനാവസ്ഥക്കു മാറ്റം വരുന്ന സ്ഥിതിവിശേഷം സംജാതമാവുന്ന അവസ്ഥയിൽ വരെ കാര്യങ്ങൾ എത്തിനില്ക്കുകയാണ്.

ഈ സാഹചര്യത്തിലാണു ക്യോട്ടോ പ്രോട്ടോക്കോളും, ഗ്രീൻഹൗസ് ഗ്യാസിന്റെ ബഹിഷ്കരണ അളവ് 5.2 ശതമാനം 2012നു മുമ്പു കുറയ്ക്കണമെന്ന തീരുമാനവും എടുത്തിരിക്കുന്നത്. ഇങ്ങനെ കുറയ്ക്കണമെങ്കിൽ പ്രധാനമായും രാജ്യങ്ങൾ ചെയ്യേണ്ടതു ഫോസിൽ ഇന്ധനത്തിന്റെ ഉപയോഗം കുറയ്ക്കുകയും നോൺ ഫോസിൽ ഇന്ധനമായ സോളാർ എനർജി കൂടുതൽ ഉപയോഗപ്പെടുത്തുകയുമാണ്. സോളാർ എനർജി എന്നു പറയുമ്പോൾ സോളാർ വാട്ടർ ഹീറ്റർ, സോളാർ എയർ ഹീറ്റർ, സോളാർ തെർമൽ പവർ, സോളാർ



*റ്റൈഡൽ എനർജി പ്ലാന്റ്*

ഫോട്ടോ വോൾട്ടാക് സെൽ തുടങ്ങിയവ പ്രോത്സാഹിപ്പിക്കണം. അതുപോലെ കാറ്റിൽ നിന്നും ഊർജം, കടൽതിരമാലയിൽ നിന്നും ഊർജം, ബയോഗ്യാസ്, ബയോഡീസൽ, ജിയോ തെർമൽ എനർജി തുടങ്ങിയ ഊർജോപാധികളും വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. സൂര്യതാപത്തിൽ നിന്നും, കാറ്റിൽ നിന്നും തിരമാലകളിൽ നിന്നുമൊക്കെയുള്ള ഊർജോത്പാദനം ഒരിക്കലും തീർന്നുപോവുകയില്ല. ഉപഭോഗത്തിനനുസ

രിച്ച് ഇല്ലാതെ വരുന്നില്ല. അതുകൊണ്ടു തന്നെ ഇങ്ങനെ ലഭിക്കുന്ന എനർജിയെ റിന്യൂവബിൾ എനർജി എന്നു വിളിക്കുന്നു. (വീണ്ടും പുനർജ നിപ്പിക്കാൻ കഴിയുന്ന ഊർജം)

സൗരോർജം ഓരോ വർഷവും ഭൂമിക്കു ലഭിക്കുന്നതു ലോകത്തു മനുഷ്യൻ ഇന്നുപയോഗിക്കുന്ന എനർജിയുടെ 35000 ഇരട്ടിയാണ്. പക്ഷേ, പല രീതിയിൽ മനുഷ്യൻ ഉപയോഗപ്പെടുത്തേണ്ട ഈ എനർജി ഇനിയും ഫലപ്രദമായി ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

സോളാർ എനർജി ഉപയോഗിച്ചു വ്യത്യസ്തരീതിയിൽ വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയും. സോളാർ തെർമൽ ഇല്ക്ട്രിക്കൽ ജനറേഷൻ ഉണ്ട്. സോളാർ ഫോട്ടോ വോൾട്ടാക് സെൽ ഉണ്ട്. ഇത്തരം സോളാർ സെല്ലുപയോഗിച്ചു ലൈറ്റ് എനർജി, ഇലക്ട്രിക് എനർജിയായി മാറ്റുന്നുണ്ട്.

കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന രീതി ഇന്നു വ്യാപകമാണ്. തുടക്കത്തിൽ അല്പം ചിലവു വരുമെങ്കിലും ഏറ്റം അഭികാമ്യമായ രീതിയാണു കാറ്റിൽ നിന്നും വൈദ്യുതി ഉണ്ടാക്കുന്നത്. സൗരോർജത്തിന്റെ മൂന്നിലൊന്നു, കാറ്റ് എനർജിയായി മാറുന്നുവെന്നാണു കണക്ക്. ഭൂമിയിലുള്ള എല്ലാ ചെടികളും വൃക്ഷങ്ങളും ഫോട്ടോസിന്തസീസ് വഴി ഉപയോഗിക്കുന്ന സൗരോർജത്തിന്റെ 100 ഇരട്ടി വരും കാറ്റായി മാറുന്ന സൗരോർജം. സോളാർ ഫാൻ ഉപയോഗിച്ചു കാറ്റിനെ റൊട്ടേഷണൽ മെക്കാനിക്കൽ എനർജിയാക്കി മാറ്റി, ജനറേറ്റേഴ്സ് ഉപയോഗിച്ചു വൈദ്യുതി ഉണ്ടാക്കുകയാണ്. കാറ്റിന്റെ രീതിയും, സ്വഭാവവും,ശക്തിയുമനുസരിച്ചു വ്യത്യസ്തരീതിയിലുള്ള വിൻഡ് മിൽസ് തയ്യാറാക്കുന്നു.



*വേവ് എനർജി പ്ലാന്റ്*

കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്ന രീതി ഇന്നു വ്യാപകമാണ്. തുടക്കത്തിൽ അല്പം ചിലവു വരുമെങ്കിലും ഏറ്റം അഭികാമ്യമായ രീതിയാണു കാറ്റിൽ നിന്നും വൈദ്യുതി ഉണ്ടാക്കുന്നത്. സൗരോർജത്തിന്റെ മൂന്നിലൊന്നു, കാറ്റ് എനർജിയായി മാറുന്നുവെന്നാണു കണക്ക്. ഭൂമിയിലുള്ള എല്ലാ ചെടികളും വൃക്ഷങ്ങളും ഫോട്ടോസിന്തസീസ് വഴി ഉപയോഗിക്കുന്ന സൗരോർജത്തിന്റെ 100 ഇരട്ടി വരും കാറ്റായി മാറുന്ന സൗരോർജം.

## റൈഡൽ എനർജി

വേലിയേറ്റവും വേലിയിറക്കവും നടക്കുന്നത് ഉപയോഗിച്ചു വൈദ്യുതി ഉത്പാദിപ്പിക്കുന്ന രീതിയാണിത്. ഫ്രാൻസിലും കാനഡായിലും റഷ്യയിലും ഈ രീതി ധാരാളമായി ഉപയോഗിക്കുന്നുണ്ട്. റഷ്യയിലെ ലാ റാൻഡിൽ നിർമിച്ചിരിക്കുന്ന റൈഡൽ പ്ലാന്റിൽ നിന്നും 240 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്. പകുതിയോളം കടലോരത്തു സ്ഥിതിചെയ്യുന്ന ഇന്ത്യയിലും, വളരെ പ്രത്യേകിച്ചു കേരളത്തിലും ഈ രീതി വൈദ്യുതി ഉത്പാദനത്തിന് ഉപയോഗിക്കേണ്ട കാലമായിരിക്കുന്നു.



*വിൻഡ് എനർജി പ്ലാന്റ്*

## വേവ് എനർജി

തിരമാലകളിൽ നിന്നും വൈദ്യുതി ഉണ്ടാക്കുന്ന പദ്ധതിയാണിത്. തിരമാലകളിൽ നിന്നും വൈദ്യുതിയുടെ അളവു ലോകത്തു കണക്കു കൂട്ടിയിരിക്കുന്നത് $2x10^6$MW ആണ്. സ്കോട്ട്ലന്റിൽ ലിംബറ്റ് 500 എന്ന പ്ലാന്റാണു ലോകത്ത് ആദ്യമായി തിരമാലയിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിച്ചത്. അവിടെ നിന്നും ഇംഗ്ലണ്ടിലെ വൈദ്യുതി ഗ്രിഡിലേക്ക് ഇപ്പോൾ വൈദ്യുതി നല്കുന്നുണ്ട്. കേരളത്തിൽ തിരുവനന്തപുരത്ത് 150 KWന്റെ ഒരു സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. കടൽതീരം ധാരാളമുള്ള കേരളത്തിൽ ഈ സിസ്റ്റത്തിലുള്ള വൈദ്യുതി ഉത്പാദനം വളരെയധികം നടത്താവുന്നതാണ്.

## OTEC (ഓഷ്യൻ തെർമൽ എനർജി കൺവേർഷൻ)

സമുദ്രത്തിലെ വെള്ളത്തിന്റെ താപവ്യതിയാനമുപയോഗിച്ചു വൈദ്യുതി ഉണ്ടാക്കുന്ന രീതിയാണിത്. സൂര്യതാപമേറ്റു സമുദ്ര ഉപരിതലം ചൂടാവുന്നു. ഈ സമയം സമുദ്രത്തിന്റെ ആഴത്തിൽ തണുപ്പാണ്. ഈ താപവ്യത്യാസമാണു വൈദ്യുതി ഉണ്ടാക്കുന്നത്. ഉപരിതലവും, 1000 മീറ്റർ ആഴവും തമ്മിൽ 20°C താപവ്യത്യാസമുണ്ടാവും. കുറഞ്ഞ ബോയ്‌ലിംഗ് പോയിന്റുള്ള അമോണിയ ദ്രാവകമുപയോഗിച്ചു വാതകമുണ്ടാക്കുകയും വാതകത്തള്ളലിൽ മെക്കാനിക്കൽ എനർജിയും തുടർന്നു വൈദ്യുതിയുമുണ്ടാക്കുന്ന രീതിയാണിത്. സമുദ്ര അടിത്തട്ടിലെ തണുത്ത വെള്ളം വാതകത്തെ ആവശ്യം കഴിയുമ്പോൾ ദ്രവമാക്കുകയും ചെയ്തു പ്രക്രിയ ആവർത്തിക്കുന്ന രീതിയാണിത്. ഈ രീതിയിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന്റെ ആപ്ലിക്കേഷനായി എയർ കണ്ടീഷനിങ്ങും, മണ്ണു തണുപ്പിച്ചു കൃഷി ചെയ്യുന്ന രീതിയും അതുപോലെ ഡീസാലിനേഷൻ (ഉപ്പുവെള്ളത്തിൽ നിന്നും ശുദ്ധജലവും, ഉപ്പും വേർതിരിക്കുന്ന പദ്ധതി) തുടങ്ങിയവയും ഉണ്ട്. OTEC ഇന്ത്യയിൽ പരീക്ഷിക്കാവുന്ന വളരെ പ്രാധാന്യമുള്ള രീതിയാണെന്നു വിലയിരുത്തപ്പെടുന്നു. ഇന്ത്യൻ മഹാസമുദ്രത്തിൽ ഈ രീതി അവലംബിച്ചാൽ 80,000 MW വൈദ്യുതി വരെ ഉത്പാദിപ്പിക്കാമെന്നാണു കണക്കുകൂട്ടൽ. തമിഴ്നാട്ടിലും ആന്ധ്രാപ്രദേശിലും ഈ രീതിയിലുള്ള വൈദ്യുതി നിർമാണം ആരംഭിച്ചിട്ടുണ്ട്.

> **ഊർജ-ഇന്ധന ആവശ്യങ്ങൾക്ക് ഇനിയും ഫോസിൽ ഫ്യൂവൽസിനെ ആശ്രയിച്ചു നില്ക്കാതെ എല്ലാതലത്തിലും തരത്തിലുമുള്ള പാരമ്പര്യേതര ഊർജോത്പാദനം ആരംഭിക്കാൻ ഭരണസംവിധാനങ്ങൾ ശ്രദ്ധിച്ചേ മതിയാവൂ. അതിനുള്ള സമയം അതിക്രമിച്ചിരിക്കുന്നുവെന്നതാണു വസ്തുത.**



ഊർജ-ഇന്ധന ആവശ്യങ്ങൾക്ക് ഇനിയും ഫോസിൽ ഫ്യൂവൽസിനെ ആശ്രയിച്ചു നില്ക്കാതെ എല്ലാതലത്തിലും തരത്തിലുമുള്ള പാരമ്പര്യേതര ഊർജോത്പാദനം ആരംഭിക്കാൻ ഭരണസംവിധാനങ്ങൾ ശ്രദ്ധിച്ചേ മതിയാവൂ. അതിനുള്ള സമയം അതിക്രമിച്ചിരിക്കുന്നുവെന്നതാണു വസ്തുത. ■



### സൗരോർജ വൈദ്യുതി

# മാതൃകയായി യൂറോപ്യൻ കൺസോർഷ്യം



*സോളാർ എനർജി പ്ലാന്റ്*

ഡി ഡിസേർടെക് ഇൻഡസ്ട്രിയൽ ഇനിഷ്യേറ്റിവ് എന്ന പേരിൽ യൂറോപ്പിലെ 12 കമ്പനികൾ ചേർന്ന് രൂപം കൊടുത്ത കൺസോർഷ്യം സഹാറാ മരുഭൂമിയിൽ വ്യാവസായികാടിസ്ഥാനത്തിൽ വൈദ്യുതി ഉത്പാദന പ്ലാന്റുകൾ സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. 2050ഓടുകൂടി യൂറോപ്പിലെ മൊത്തം വൈദ്യുതി ആവശ്യത്തിന്റെ 15 ശതമാനം ഇവിടെ നിന്നും ഉത്പാദിപ്പിക്കുകയാണു ലക്ഷ്യം. പ്രാഥമിക പദ്ധതി പ്രവർത്തനങ്ങൾക്കായി 400 ബില്യൺ ഡോളറി (18,40,000 കോടി രൂപ) ന്റെ ഉടമ്പടിയിലാണു കൺസോർഷ്യത്തിലെ 12 കമ്പനികൾ ഒപ്പുവച്ചിരിക്കുന്നത്.

ആഫ്രിക്കയുടെ വടക്കുഭാഗത്തെ സഹാറാ മരുഭൂമിയിലാണ് ആദ്യഘട്ടത്തിൽ പ്ലാന്റുകൾ സ്ഥാപിക്കുക. വർഷത്തിൽ 365 ദിവസവും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ കഴിയുന്ന ഈ പ്ലാന്റുകളിൽ നിന്നും ഹൈടെക് കേബിളുകൾ വഴിയാണ് ആയിരക്കണക്കിനു മൈലുകൾ അപ്പുറമുള്ള യൂറോപ്പിലേക്കു വൈദ്യുതി എത്തിക്കാൻ പദ്ധതിയിട്ടിരിക്കുന്നത്.

നൂതന സാങ്കേതികവിദ്യ ഉപയോഗിക്കുന്നതുകൊണ്ടു നമ്മുടെ നാട്ടിലെപ്പോലെ പ്രസരണ നഷ്ടം ഉണ്ടാകുകയുമില്ല. നിരവധി ഉത്തര ആഫ്രിക്കൻ രാഷ്ട്രങ്ങൾ സുരക്ഷിതവും അന്തരീക്ഷ മലിനീകരണ മുക്തവുമായ ഈ പദ്ധതിയിൽ പങ്കാളിത്തം നേടാൻ താത്പര്യപ്പെട്ടു മുന്നോട്ടു വന്നിട്ടുണ്ട്. 2007ൽ ആണു സോളാർ എനർജി പ്ലാന്റുകൾ വ്യാവസായികാടിസ്ഥാനത്തിൽ സ്ഥാപിക്കുന്നതിനെക്കുറിച്ചു സമഗ്രമായ ചർച്ചകൾ യൂറോപ്പിൽ ആരംഭിച്ചത്. ജോർദാൻ ഭരണാധികാരി ഹസ്സൻ രാജകുമാരൻ ഉൾപ്പെടെയുള്ളവർ ഇത്തരം പദ്ധതികൾക്കു വർഷങ്ങൾക്കു മുമ്പേ പിന്തുണ നല്കിയവരിൽപെടുന്നു.

അന്തരീക്ഷമലിനീകരണവും മാനവരാശിക്കുമേലുള്ള അതിന്റെ ആഘാതമായ കാലാവസ്ഥാവ്യതിയാനവും ലോകമെമ്പാടും ഇന്ന് ആശങ്ക പടർത്തിയിരിക്കുന്നു. ഐക്യരാഷ്ട്രസഭ പോലും മേഖലാ ഉച്ചകോടികളും അന്താരാഷ്ട്ര ഉച്ചകോടികളും നിരന്തരം വിളിച്ചുചേർത്ത് ഈ വിഷയം ചർച്ചചെയ്തുവരുന്നു. ഊർജോത്പാദന പ്ലാന്റുകളാണ് അന്തരീക്ഷ മലിനീകരണത്തിന്റെ പ്രധാന ഉറവിടം എന്നു വിലയിരുത്തപ്പെടുന്നു. ഈ അവസരത്തിൽ ആശ്വാസം പകരുന്നതാണു സഹാറ മരുഭൂമിയിൽ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്ന സോളാർ വൈദ്യുതി ഉത്പാദനപദ്ധതി. ■

# ബുദ്ധിമുട്ടാകും, നിശ്ചയം!

കിളിരൂർ രാധാകൃഷ്ണൻ

കമ്പ്യൂട്ടറും മൊബൈലും മറ്റു 'കിടുമണ്ടികളും' ഒക്കെ മനുഷ്യൻ കണ്ടുപിടിച്ചതാണ്. അതുകൊണ്ടുതന്നെ അവയ്ക്കെല്ലാം ഒരു പരിധിവരെയേ മനുഷ്യനെ സഹായിക്കാനാകൂ. എന്നാൽ, മനുഷ്യനെന്ന സൂപ്പർകമ്പ്യൂട്ടറിനെ ഉടയതമ്പുരാൻ എന്ന സൂപ്പർ ഡ്യൂപ്പർ കമ്പ്യൂട്ടറാണ് ഡിസൈൻ ചെയ്തത്. അതിന്റെ സോഫ്റ്റ് വെയറും ഹാർഡുവെയറുമൊക്കെ വൈറസ് പ്രൂഫുപോലുമാണ്. ഇതൊന്നും നാം വേണ്ടത്ര മനസ്സിലാക്കാത്തതുകൊണ്ടാവാം ഈ യാന്ത്രികാടിമത്ത്വത്തിനു വിധേയരാവുന്നതും!




**കാ**ഴിഞ്ഞ ദിവസം മനോരമ ലീഡർ പേജിൽ 'ബുദ്ധിമുട്ടായി' എന്ന തലക്കെട്ടിൽ ഒരു ഹാസ്യഭാവന പ്രസിദ്ധീകരിച്ചതു വായനക്കാർ പലരും വായിച്ചിരിക്കും. ഒരു വിദ്വാന്റെ മൊബൈൽ നഷ്ടപ്പെട്ടതിന്റെ പിന്നാലെ വന്ന ബുദ്ധിമുട്ടുകളുടെ ചിരിയും കരച്ചിലും ഉണർത്തുന്ന ഹാസ്യഭാവനയാണത്. മൊബൈലെന്നാൽ സാധാരണ മൊബൈലല്ല. ചെറിയൊരു കമ്പ്യൂട്ടർ തന്നെ. അതിലാണു മൂപ്പർ വീട്ടിലെ ഫോൺ നമ്പർ മുതൽ എടിഎം കാർഡുനമ്പറും കോഡും മറ്റും ഫീഡ് ചെയ്തിരുന്നത്. മറവിക്കാരനായ കക്ഷിക്കു മൊബൈൽ നഷ്ടപ്പെട്ടതോടെ ഓർമയിൽ നിന്ന് ഒരു നമ്പർ ചികഞ്ഞെടുത്ത് ആരെയും വിളിക്കാനോ ബാങ്കിൽ പോയി പണമെടുക്കാനോ, എന്തിന് ഓരോട്ടോ വിളിച്ചു വീട്ടിലെത്താനോ, വീടെവിടെന്നു പറയാൻ പോലുമോ മൂപ്പർക്കറിയില്ല. വിലാസവും മൊബൈലിലാണ്! ഈ ദുഃസ്ഥിതിയിൽ പെടുന്നതാണു കഥ. സ്വാഭാവികമായും ഒരല്പം അതിഭാവുകത്വമുണ്ടെങ്കിലും ഈ ലേഖനം ആധുനിക സാങ്കേതിക വിദ്യകളെ അന്ധമായി പിൻതുടരുന്ന മനുഷ്യന്റെ നേർക്കു ചൂണ്ടുന്ന ഒരു താക്കീതിന്റെ ചൂണ്ടുവിരലാണ്. കഷ്ടം! എന്നു മൂക്കത്തു വിരൽവയ്ക്കലുമാണ്.

കമ്പ്യൂട്ടറും മൊബൈലും മറ്റു 'കിടുമണ്ടികളും' ഒക്കെ മനുഷ്യൻ കണ്ടുപിടിച്ചതാണ്. അതുകൊണ്ടുതന്നെ അവയ്ക്കെല്ലാം ഒരു പരിധിവരെയേ മനുഷ്യനെ സഹായിക്കാനാകൂ. എന്നാൽ, മനുഷ്യനെന്ന സൂപ്പർ കമ്പ്യൂട്ടറിനെ ഉടയതമ്പുരാൻ എന്ന സൂപ്പർ ഡ്യൂപ്പർ കമ്പ്യൂട്ടറാണു ഡിസൈൻ ചെയ്തത്. അതിന്റെ സോഫ്റ്റ്വെയറും ഹാർഡുവെയറുമൊക്കെ വൈറസ് പ്രൂഫുപോലുമാണ്. ഇതൊന്നും നാം വേണ്ടത്ര മനസ്സിലാക്കാത്തതുകൊണ്ടാവാം ഈ യാന്ത്രികാടിമത്ത്വത്തിനു വിധേയരാവുന്നതും!

പഴയൊരു കുസൃതിക്കഥ ഓർമവരുന്നു. മലബാറിലെ ഒരു സർക്കാർ സ്കൂളിലെ നാലാം ക്ലാസിൽ അധ്യാപകൻ കണക്കു പഠിപ്പിക്കുന്നു. ഒക്കെ തിരുമണ്ടന്മാരാണ്. നാല് ഗുണം രണ്ട് എത്രയെന്നു ചോദിച്ചാൽ പോലും കണ്ണുതള്ളിയിരിക്കുന്ന ശുദ്ധ കൂശ്മാണ്ഡങ്ങൾ! അപ്പോഴതാ അതിനിടയിലൊരു മിടുക്കൻ അവ്വക്കർ മാഷിന്റെ ചോദ്യങ്ങൾക്കു മണിമണിപോലെ ഉത്തരം പറയുന്നു. മാഷിനു പോലും കണ്ണു തള്ളിപ്പോയി. പത്തൊൻപത് ഗുണം പതിനാല് എത്രയെന്നു പരീക്ഷണാർത്ഥം മാഷ് ചോദിച്ചു. പുല്ലുപോലെ നമ്മടെ അവ്വക്കർ മറുപടി കൊടുത്തു. ഇവൻ ആര്? ശകുന്തളാദേവിയുടെ പിൻഗാമിയോ? മാഷ് വീണ്ടും ഒരു കുനുഷ്ടുചോദ്യം ചോദിച്ചു. അപ്പോൾ അവ്വക്കർ പറഞ്ഞു: മാഷേ, ഇനി ചോയ്ക്കല്ലേ ബാറ്ററി തീർന്നു. ചെക്കൻ കാൽക്കുലേറ്ററിൽ കുത്തിയാണ് ഇതുവരെ പയറ്റിയതെന്ന് അപ്പോഴാണു മാഷറിയുന്നത്!

അതു പഴയകഥ. ഇന്നു കമ്പ്യൂട്ടറും മൊബൈലും കാശിനെട്ടാണ് എന്നു നമുക്കറിയാം. പട്ടിയുടെ വാലിൽ പോലും മൊബൈൽ തൂങ്ങുന്ന കാലം. അഞ്ചെട്ടു കൊല്ലം മുൻപു ഞാൻ ജോലിചെയ്തിരുന്ന സ്ഥാപനത്തിൽ കുറെ എം.ബി.എക്കാരെ

നിയമിച്ചു. ബിസിനസ്സ് മാനേജിന്റെ കണ്ണുകണ്ടവരാണു പിള്ളേർ. അതുകൊണ്ടു നമ്മൾ പഴഞ്ചന്മാർ ഒരല്പം ഭയ ബഹുമാനങ്ങളോടെയാണു ടിയാന്മാരെ അഭിമുഖീകരിച്ചത്. ഒരു ദിവസം അവരിലൊരാൾ എന്റെ ക്യാബിനിൽ വന്നിരുന്നു. ഒരു ബിസിനസ്സിനെക്കുറിച്ചു സംസാരിക്കുന്നതിനിടെ ഏഴായിരത്തിന്റെ പതിനാറു ഗുണിതങ്ങളെത്ര വരുമെന്നു ഞാൻ മനക്കണക്കു കൂട്ടി. 1,12000 എന്നു പറഞ്ഞപ്പോൾ എംബിഎക്കാരൻ എന്നെ നോക്കിയത് ഒരത്ഭുത ജീവി എന്നോണമായിരുന്നു. ഇതെങ്ങനെ കാൽക്കുലേറ്റർ പോലും ഇല്ലാതെ സാധിച്ചു എന്നായിരുന്നു കക്ഷിയുടെ അത്ഭുതം. 16X7= 112 എന്നു മനസ്സിൽ ഗുണിക്കരുതോ. പിന്നെ പൂജ്യം ചേർത്താൽ പോരെ എന്നു ചേദിച്ചപ്പോൾ 16X 7= 112 എന്ന് എങ്ങനെ കണ്ടുപിടിച്ചു എന്നായി സംശയം. അതുപോലെ ശതമാനം കാണുന്നതിലും മറ്റും പഴയ അരിത്തമെറ്റിക്കിന്റെ സിമ്പിൾ സൂത്രാവലികൾ ഉപയോഗിക്കുമ്പോഴും നമ്മുടെ എംബിഎകാർ കണ്ണുതള്ളും.

'വിദ്യാധനം സർവധനം' എന്ന പഴമൊഴിയിൽ ധനം വല്ലവന്റെയും പെട്ടിയിൽ വയ്ക്കണമെന്നല്ല വിവക്ഷ. സ്വന്തം ബുദ്ധിയിലാണ്, തലച്ചോറിലാണു വിദ്യ എന്ന അമൂല്യധനം സ്റ്റോർ ചെയ്യേണ്ടത്. പണ്ടു ഋഷിവര്യന്മാർ ആയിരവും ലക്ഷവും കോടിയുമൊക്കെ അർച്ചന നടത്തുമായിരുന്നു.

ഒരു മന്ത്രത്തിന്റെ ആവർത്തിച്ചുള്ള ഉരുക്കഴിക്കലാണത്. യാതൊരു പ്രയോജനവുമില്ലാത്ത വിഡ്ഢിത്തമെന്ന് ആധുനികനു തോന്നാം. പക്ഷേ, മേധാമണ്ഡലത്തെ രാകിമിനുക്കുന്ന ഒരു പ്രക്രിയയാണത്. ഈ ബ്രഹ്മാണ്ഡത്തിൽ അനന്തകോടി അറിവുകളുണ്ട്. അതിന്റെ ഒരു ഇത്തിരിപ്പോരമെങ്കിലും സ്വന്തം തലച്ചോറിലാക്കാനാണു നമ്മുടെ പഴമക്കാർ ശ്രദ്ധിച്ചിരുന്നത്.

വേദങ്ങളെല്ലാം ശ്ലോകങ്ങളിലാണു രചിക്കപ്പെട്ടത്. ഹൃദിസ്ഥമാക്കാനുള്ള എളുപ്പത്തിനും ഹൃദിസ്ഥമാക്കിയതു മറക്കാതിരിക്കാനും ആ താളം സഹായിക്കുമെന്നതിനാലാണ് അത്. കണക്കും ശാസ്ത്രവിഷയങ്ങളുമൊക്കെ പദ്യരൂപത്തിലാക്കുന്നത് അതിനായിരുന്നു.ആയുർവേദ ചികിത്സാശാസ്ത്രം, അഷ്ടാംഗയോഗവും മറ്റും ശ്ലോകങ്ങളിലാണു രചിക്കപ്പെട്ടിട്ടുള്ളത്. ജ്യോതിഷ ഗ്രന്ഥങ്ങളും ശ്ലോകങ്ങളിലാണ്. ചുരുക്കത്തിൽ കമ്പ്യൂട്ടർ മൊബൈൽ തുടങ്ങിയ അത്ഭുതങ്ങൾ എന്നെങ്കിലും സംഭവിക്കുമെന്നു പോലും പ്രതീക്ഷയില്ലാത്തതിനാൽ നമ്മുടെ ഗുരുകാരണവന്മാർ സ്വന്തം മേധാശക്തിയിൽ പൂർണമായി ആശ്രയിച്ചുവെന്നും അതിനെ പോഷിപ്പിക്കുകയെന്നതു സർവപ്രധാനമായി കണ്ടു എന്നും വിചാരിക്കണം. 'ഇച്ചിരിപ്പിടിയോളം' ബുദ്ധി പടച്ചോൻ തന്നിട്ടില്ലേ? അതുപയോഗിക്ക് എന്നു ബഷീർ ഇടയ്ക്കിടെ പറയുമായിരുന്നല്ലോ.



**ബുദ്ധിയുടെ ഇരിപ്പിടമായ തലച്ചോറിന്റെ അത്യദ്ഭുതകരമായ ശക്തിവിശേഷങ്ങളെക്കുറിച്ചൊന്നും ആധുനികശാസ്ത്രം ഇനിയും മനസ്സിലാക്കിയിട്ടില്ല. ഒരു മനുഷ്യൻ അവന്റെ തലച്ചോറിന്റെ പത്തുശതമാനം പോലും പ്രയോജനപ്പെടുത്തുന്നില്ല എന്നാണു കണ്ടെത്തൽ. ബാക്കി 90 ശതമാനം നിരുപയോഗമായിക്കിടന്നു ക്ലാവു പിടിച്ചു നശിക്കുകയാവാം. അതെന്തുമാകട്ടെ, ഉപയോഗിക്കുന്ന പത്തുശതമാനമെങ്കിലും ക്ലാവു പിടിക്കാതെ നാം നോക്കേണ്ടതല്ലേ? ഇന്നത്തെ പുതുതലമുറ അതുചെയ്യുന്നുണ്ടോ? ഇല്ല എന്നു തന്നെയാണുത്തരം.**

ബുദ്ധിയുടെ ഇരിപ്പിടമായ തലച്ചോറിന്റെ അത്യത്ഭുതകരമായ ശക്തിവിശേഷങ്ങളെക്കുറിച്ചൊന്നും ആധുനികശാസ്ത്രം ഇനിയും മനസ്സിലാക്കിയിട്ടില്ല. ഒരു മനുഷ്യൻ അവന്റെ തലച്ചോറിന്റെ പത്തുശതമാനം പോലും പ്രയോജനപ്പെടുത്തുന്നില്ല എന്നാണു കണ്ടെത്തൽ. ബാക്കി 90 ശതമാനം നിരുപയോഗമായിക്കിടന്നു ക്ലാവു പിടിച്ചു നശിക്കുകയായവാം. അതെന്തുമാകട്ടെ, ഉപയോഗിക്കുന്ന പത്തുശതമാനമെങ്കിലും ക്ലാവു പിടിക്കാതെ നാം നോക്കേണ്ടതല്ലേ? ഇന്നത്തെ പുതുതലമുറ അതു ചെയ്യുന്നുണ്ടോ? ഇല്ല എന്നു തന്നെയാണുത്തരം. ഗുണനപ്പട്ടികയും പെരുക്കപ്പട്ടികയും ഒക്കെ ഇന്ന് ഔട്ട് ഓഫ് സിലബസാണ്. നൂറിൽ നിന്ന് എൺപതു കുറച്ചാൽ എത്ര കിട്ടുമെന്നല്ലാ എൺപതിനോട് എത്ര കൂട്ടിയാൽ നൂറു കിട്ടുമെന്നാണ് അന്വേഷണം. നമുക്കു കിട്ടാനാണല്ലോ താത്പര്യം. അതൊക്കെ പോകട്ടെ. കാണാതെ പഠിച്ചു ഛർദിക്കാനും കമ്പ്യൂട്ടറും കാൽക്കുലേറ്ററുമൊക്കെ ഉപയോഗിച്ചു 'പ്രോബ്ലം സോൾവ്' ചെയ്യാനുമൊക്കെയാണിന്നു കുട്ടികളെ പഠിപ്പിക്കുന്നത്. കമ്പ്യൂട്ടറിൽ അവരുടെ മേധാശക്തി ആകാശത്തോളം വളർന്നേക്കാം. പക്ഷേ, അപ്പോഴും സ്വന്തം മേധാശക്തിയിൽ അവർക്കു വിശ്വാസം വരണമെന്നില്ല.

ഒരുദാഹരണം കൂടി പറഞ്ഞ് ഈ കുറിപ്പ് അവസാനിപ്പിക്കാം. മുൻപു കുട്ടികൾ കളിച്ചിരുന്നതുപോലും സ്വന്തം ബുദ്ധിയും കൗശലവും ഉപയോഗിച്ചുണ്ടാക്കിയ കളിപ്പാട്ടങ്ങൾ കൊണ്ടാണ്. ഓലപ്പന്തും ഓലപ്പീപ്പിയും തയ്യൽ മെഷീനും കാറും ലോറിയും പമ്പുസെറ്റുംവരെ കുട്ടികളായിരിക്കുമ്പോൾ ഞങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പാള, പച്ചോല, പച്ചീർക്കിലി, കപ്പളത്തണ്ട്, ചെറിയ മെച്ചിങ്ങ, പച്ച ഓലമടൽ തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ചു ലോറി, ബസ്, ജീപ്പ്, വെള്ളം വറ്റിക്കുന്ന പെട്ടിയും പറയും, കാറ്റാടി, പന്ത്, പാമ്പ്, പക്ഷി എന്നുവേണ്ട എന്തും ഉണ്ടാക്കുന്ന കൂട്ടുകാർ ഞങ്ങൾക്കുണ്ടായിരുന്നു. ഓരോ വസ്തുവും നിർമിക്കുമ്പോൾ കാട്ടുന്ന ഒരു കൊച്ചു ശാസ്ത്രജ്ഞന്റെ ശ്രദ്ധയും നിർമിച്ചുകഴിഞ്ഞാലുണ്ടാകുന്ന സംതൃപ്തിയുമൊക്കെ അവർണനീയമാണ്. ഇന്നു മാർക്കറ്റിൽ നിന്നു വാങ്ങുന്ന കളിപ്പാട്ടങ്ങൾ കീ കൊടുത്ത് ഓടിക്കുമ്പോൾ ആ സംതൃപ്തി ലഭിക്കില്ല.

പണമുണ്ടെങ്കിലും പഴയ കാരണവന്മാർ കളിപ്പാട്ടം വാങ്ങിത്തരുമായിരുന്നില്ല. കുട്ടികളിൽ ഈ കൗതുകവും കൗശലവും വളരട്ടെയെന്നു കരുതിത്തന്നെയാവണം അവരങ്ങനെ ചെയ്യാതിരുന്നത്. ഇന്നു നാം ഉണരുമ്പോൾ മുതൽ ഉറങ്ങും വരെ യന്ത്രങ്ങളുടെ നിയന്ത്രണത്തിലാണ്. മിക്സിയും ഹീറ്ററും ഗീസറും ഫ്രിഡ്ജും ഗ്യാസ്സ്റ്റൗവും ഫാനും ലൈറ്റും ടിവിയും കമ്പ്യൂട്ടറുമാക്കെ തീർച്ചയായും നല്ല സഹായികൾ തന്നെ. പക്ഷേ, രണ്ടുദിവസം അവയില്ലാതെ വന്നാലും കഴിഞ്ഞുകൂടണമെന്ന ചിന്തയോടെ നാം എന്തെങ്കിലും മുൻകരുതൽ എടുക്കാറുണ്ടോ? ഇല്ല. അതാണു മൊബൈൽ കളഞ്ഞുപോയവന്റെ കഥയിൽ കണ്ടതും. ■



പുനരാഖ്യാനം
മഹാഭാരതം - 134

# ധൃതരാഷ്ട്ര മഹാരാജാവു വാനപ്രസ്ഥം സ്വീകരിക്കുന്നു

## സവ്യസാചി

**യു**ധിഷ്ഠിരൻ രാജ്യഭാരമേറ്റിട്ടു വർഷം പതിനഞ്ചായി. രാജ്യം ഐശ്വര്യസമ്പന്നവും സമാധാനപൂർണവുമായി. യുദ്ധത്തിന്റെ വടുക്കൾ മാഞ്ഞുകഴിഞ്ഞു. രാജധാനിയിൽ അന്തഃഛിദ്രത്തിന്റെയും കലഹത്തിന്റെയും അന്തരീക്ഷമില്ലാതായി. ഏഷണികൾക്കും ഉപജാപങ്ങൾക്കും അവിടെ ഇടമില്ലായിരുന്നു. നീതിനിർവഹണം കുറ്റമറ്റതാക്കാൻ മന്ത്രിമാരുടെ പ്രത്യേക ശ്രമം സഹായകമായി. പ്രജാക്ഷേമത്തിനപ്പുറം മറ്റൊന്നും തനിക്കു വലുതല്ലെന്നു യുധിഷ്ഠിരൻ ചിന്തകൊണ്ടും വാക്കുകൊണ്ടും കർമം കൊണ്ടും തെളിയിച്ചു.

ധൃതരാഷ്ടരോടു മക്കളെക്കാൾ വലിയ ബഹുമാനമാണു യുധിഷ്ഠിരൻ പ്രകടിപ്പിച്ചത്. ഗാന്ധാരിയോടുമങ്ങനെ. കുന്തിയെപ്പോലെയോ അതിൽ കവിഞ്ഞോ അദ്ദേഹം ഗാന്ധാരിയമ്മയെ പരിഗണിച്ചു. ആരും കഴിഞ്ഞതിനെപ്പറ്റി പറഞ്ഞ് അവരുടെ മനസ്സു നോവിക്കരുതെന്നു യുധിഷ്ഠിരൻ പ്രത്യേകം നിർദേശം നല്കിയിരുന്നു. അവരെ സ്നേഹിക്കുന്നവരിൽ താൻ സംപ്രീതനായിരിക്കുമെന്നും അവരെ വേദനിപ്പിക്കുന്നവർ ശിക്ഷാർഹരായിരിക്കുമെന്നും അദ്ദേഹം കല്പനയും പുറപ്പെടുവിച്ചിരുന്നു.

എല്ലാ കാര്യങ്ങളും യുധിഷ്ഠിരൻ ധൃതരാഷ്ട്രരുമായി ആലോചിച്ചു. അദ്ദേഹത്തിന്റെ ഉപദേശനിർദേശങ്ങൾക്കു പ്രഥമ പരിഗണന നല്കി.

ഇതൊന്നും അത്രയങ്ങുൾക്കൊള്ളാനാവാത്ത ഒരാളേ ഉണ്ടായിരുന്നുള്ളു- ഭീമസേനൻ. ദുര്യോധനൻ ചെയ്ത ക്രൂരതകൾ എത്ര ശ്രമിച്ചിട്ടും അദ്ദേഹത്തിനു മറക്കാൻ കഴിഞ്ഞില്ല. അതിനെല്ലാം കൂട്ടുനിന്ന പിതാവിനോടു പൊറുക്കാനും ആ മനസ്സിനു കഴിഞ്ഞില്ല. ധൃതരാഷ്ട്രരുടെ അനുഭവവും മറിച്ചായിരുന്നില്ല. എല്ലാവരോടും സ്നേഹവാത്സല്യങ്ങൾ പ്രകടിപ്പിക്കുമ്പോഴും ഭീമനോടുമാത്രം ഉള്ളിൽ അദ്ദേഹം കോപം സൂക്ഷിച്ചുപോന്നു. തന്റെ നൂറു മക്കളെയും കൊന്ന ഭീമനോട് എത്ര ശ്രമിച്ചിട്ടും അദ്ദേഹത്തിനും പൊറുക്കാൻ കഴിഞ്ഞില്ല.

ദുര്യോധനൻ ചെയ്ത ക്രൂരതകൾ എത്ര ശ്രമിച്ചിട്ടും അദ്ദേഹത്തിനു മറക്കാൻ കഴിഞ്ഞില്ല. അതിനെല്ലാം കൂട്ടുനിന്ന പിതാവിനോടു പൊറുക്കാനും ആ മനസ്സിനു കഴിഞ്ഞില്ല. ധൃതരാഷ്ട്രരുടെ അനുഭവവും മറിച്ചായിരുന്നില്ല. എല്ലാവരോടും സ്നേഹവാത്സല്യങ്ങൾ പ്രകടിപ്പിക്കുമ്പോഴും ഭീമനോടുമാത്രം ഉള്ളിൽ അദ്ദേഹം കോപം സൂക്ഷിച്ചുപോന്നു. തന്റെ നൂറു മക്കളെയും കൊന്ന ഭീമനോട് എത്ര ശ്രമിച്ചിട്ടും അദ്ദേഹത്തിനും പൊറുക്കാൻ കഴിഞ്ഞില്ല.

അവസരം കിട്ടുമ്പോളൊക്കെ ധൃതരാഷ്ട്രരെയും ഗാന്ധാരിയെയും കുത്തിനോവിക്കാൻ ഭീമസേനൻ മറന്നില്ല. അവർ കേൾക്കെ, താനൊരുത്തൻ ധൃതരാഷ്ട്രപുത്രന്മാരെ ഒന്നൊന്നായി കൊലചെയ്ത വീരകഥകൾ അദ്ദേഹം ഉറക്കെപ്പറയും. അവർക്കു പ്രത്യേക പരിഗണന നല്കുന്ന ജ്യേഷ്ഠനെയോ അവരെ ശുശ്രൂഷിക്കുന്ന അമ്മയെയോ അദ്ദേഹത്തിനു മനസ്സിലാക്കാൻ കഴിഞ്ഞുമില്ല.

അങ്ങനെയിരിക്കെ പ്രായം കൊണ്ടും ജ്ഞാനം കൊണ്ടും വൃദ്ധനായ ധൃതരാഷ്ട്രരെ നിർവേദം ബാധിച്ചു തുടങ്ങി. ഇനിയും താനെന്തിനാണു രാജസുഖഭോഗങ്ങളിൽ മുഴുകി കഴിയുന്നതെന്നോർത്ത് അദ്ദേഹം തന്നെത്തന്നെ കുറ്റപ്പെടുത്തി. പരമ്പരാഗത ധർമമനുസരിച്ചു വാനപ്രസ്ഥത്തിനു കാലമായി. വനത്തിൽപോയി തപസ്സുചെയ്തു മനസ്സിന്റെ കാലുഷ്യങ്ങൾ കഴുകിക്കളഞ്ഞു യോഗവൃത്തികൊണ്ടു ദേഹം ത്യജിക്കാൻ സമയമായിരിക്കുന്നു.

അദ്ദേഹം ഒരു ദിവസം യുധിഷ്ഠിരനെ വിളിച്ചു വിവരം പറഞ്ഞു. പക്ഷേ, ഒരുതരത്തിലും സമ്മതിക്കില്ലെന്നു യുധിഷ്ഠിരൻ ശാഠ്യം പിടിച്ചു. അനുവദിച്ചില്ലെങ്കിൽ ഉപവാസം അനുഷ്ഠിച്ചു താൻ ദേഹം വെടിയുമെന്നായി ധൃതരാഷ്ട്രർ.

വിവരമറിഞ്ഞ ഭീമന് കിഴവനെവിടെയെങ്കിലും പോയി തുലയട്ടെ എന്ന മട്ടായിരുന്നു. എന്തിനു ജ്യേഷ്ഠൻ ഇവരെ കെട്ടിപ്പിടിച്ചിരിക്കണം. ഓർക്കുന്തോറും ഭീമനു കലി ഏറി വന്നു. അർജുനനും നകുല സഹദേവന്മാരും അത്രത്തോളം പകയുള്ളവരായിരുന്നില്ല. അവർ മധ്യമാർഗം സ്വീകരിച്ചു. പോയാലും വേണ്ടില്ല, പോയില്ലെങ്കിലും വേണ്ടില്ല.

അങ്ങനെയിരിക്കെ വ്യാസമുനി അവിടെ വന്നെത്തി. വിവരമറിഞ്ഞ് അദ്ദേഹം യുധിഷ്ഠിരനെ ഉപദേശിച്ചു. മഹാരാജാവു പറയുന്നതാണു ശരി. അദ്ദേഹത്തിനു വാനപ്രസ്ഥം അനുഷ്ഠിക്കാൻ കാലമായി. ലൗകികബന്ധങ്ങളിൽ അദ്ദേഹത്തെ ഇനിയും കുടുക്കിയിടാൻ ശ്രമിക്കുന്നതു ശരിയല്ല. അദ്ദേഹത്തെ പോകാൻ അനുവദിക്കുകയാണു വേണ്ടത്.

വ്യാസമഹർഷിയുടെ ഉപദേശം നിരസിക്കാൻ യുധിഷ്ഠിരനു കഴിയുമായിരുന്നില്ല. അദ്ദേഹം അർധമനസ്സോടെ സമ്മതം മൂളി. ധൃതരാഷ്ട്രർക്കും ആശ്വാസമായി.

എല്ലാം പരിത്യജിച്ചു വനത്തിലേക്കു പോകും മുമ്പ് മരണമടഞ്ഞ മക്കളോടും ബന്ധുക്കളോടുമുള്ള കടം വീട്ടണം. അതിനു ശ്രാദ്ധകർമങ്ങൾ അനുഷ്ഠിക്കണം. അതിനുവേണ്ട ധനം അനുവദിച്ചു



കുന്തി ഗാന്ധാരിയുടെ കൈ സ്വന്തം ചുമലിൽ പിടിപ്പിച്ചു മുന്നിൽ നടന്നു തുടങ്ങി! ഇതു കണ്ടു യുധിഷ്ഠിരനും അനുജന്മാരും നടുങ്ങി. അവർ അമ്മയുടെ മുന്നിൽ ചെന്നു തടഞ്ഞു ചോദിച്ചു:അമ്മേ, ഇതെന്താണ്? അമ്മയെങ്ങോട്ടാണ്? യുധിഷ്ഠിരനു തൊണ്ടയിടറി.

തരണമെന്നദ്ദേഹം വിദുരർ വഴി യുധിഷ്ഠിരനോട് അഭ്യർത്ഥിച്ചു. യുധിഷ്ഠിരൻ ഒരു തടസ്സവും പറഞ്ഞില്ല. പക്ഷേ, ഭീമൻ എതിർത്തു. ചില്ലിക്കാശുപോലും കൊടുക്കാൻ പാടില്ലെന്നു ഭീമൻ കട്ടായം പറഞ്ഞു. ഭീഷ്മർക്കും ദ്രോണർക്കും സോമദത്തനും ഭൂരിശ്രവസ്സിനും വേണമെങ്കിൽ കർമങ്ങൾ ചെയ്യാം. കർണന് അമ്മ കർമം ചെയ്തുകൊള്ളും. നമ്മുടെ ശത്രുക്കൾക്കു ശ്രാദ്ധകർമം ചെയ്യാൻ നമ്മൾ ധനം വ്യയം ചെയ്യുന്നതെന്തിന്? അവർക്കു ശാന്തി കിട്ടാതെ പോട്ടെ. അവർ നരകത്തീയിൽ വെന്തു നീറട്ടെ.

ഭീമസേനന്റെ രോഷം പിന്നെയും പിന്നെയും ജ്വലിച്ചു വന്നു. അർജുനൻ അനുനയിപ്പിക്കാൻ ശ്രമിച്ചിട്ടും ഭീമൻ വഴങ്ങിയില്ല. അവസാനം തന്റെ സ്വകാര്യ നിക്ഷേപത്തിൽ നിന്നു ധനം അനുവദിച്ചു പ്രശ്നത്തിനു പരിഹാരം കണ്ടെത്തുകയാണു യുധിഷ്ഠിരൻ ചെയ്തത്. തന്റെ വിഹിതത്തിൽ നിന്നു കൂടി എടുത്തുകൊള്ളാൻ അർജുനനും സമ്മതിച്ചു.

വാനപ്രസ്ഥത്തിനൊരുങ്ങിയ ധൃതരാഷ്ട്രർ പ്രജകളെ എല്ലാം വിളിച്ചുവരുത്തി അവരെ വിവരം അറിയിച്ച് അവരുടെ സമ്മതം കൂടി വാങ്ങാൻ ആഗ്രഹിച്ചു. കൊട്ടാരത്തിനു മുമ്പിൽ വന്നു കൂടിയ ജനങ്ങളോട് അദ്ദേഹം പറഞ്ഞു: എന്റെ പൂർവികൻ ശന്തനു മഹാരാജാവു പരിപാലിച്ച ഈ രാജ്യത്തെ അദ്ദേഹത്തിന്റെ മകൻ വിചിത്രവീര്യനും സംരക്ഷിച്ചു. പിന്നീടു രാജ്യം പാണ്ഡുവിന്റെ സംരക്ഷണത്തിലായി. അദ്ദേഹത്തിൽ നിന്ന് അതെന്റെ കൈകളിലെത്തി. ഇത്രയും കാലം ഞാൻ നിങ്ങളെ കാത്തു പോന്നു. അതു ശരിയായോ തെറ്റായോ എന്നെനിക്കറിയില്ല.

എന്റെ മകൻ ദുര്യോധനന്റെ കാലത്തു ചില പ്രശ്നങ്ങളുണ്ടായി. മന്ദനും ദുർബുദ്ധിയുമായിരുന്നു അവനെങ്കിലും, നിങ്ങളെ അവൻ ഒരു തരത്തിലും ദ്രോഹിച്ചിട്ടില്ല. അവനെ വേണ്ടവിധം നിയന്ത്രിക്കാൻ കഴിയാതെ പോയതു കൊണ്ടും എന്റെ അമിത പുത്രവാത്സല്യം നിമിത്തവും തെറ്റുകളുണ്ടായി. അതെല്ലാം നിങ്ങൾ ക്ഷമിക്കണം. ഞാൻ കൈകൂപ്പി ചോദിക്കുന്നു. എന്റെ ഭാര്യ ഗാന്ധാരിയും നിങ്ങളോടു ക്ഷമചോദിക്കുന്നു. മക്കളെല്ലാം മരിച്ച ഈ കിഴവനോടു നിങ്ങൾ പൊറുക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

ഇപ്പോളിതാ മഹാതേജസ്വിയും പ്രജാക്ഷേമതത്പരനുമായ യുധിഷ്ഠിരൻ നിങ്ങളെ പരിപാലിക്കുന്നു. അവന്റെ മഹാപ്രഭാവന്മാരായ നാലനുജന്മാർ കൂട്ടിനുണ്ട്. അവരുടെ കൈകളിൽ നിങ്ങളുടെ സുരക്ഷ ഉറപ്പാണ്. അവരുടെ കൈയിൽ ഞാൻ നിങ്ങളെ ഭരമേല്പിക്കുന്നു. അവരെ ഞാൻ നിങ്ങളെയും ഏല്പിക്കുന്നു. രാജഭക്തരായ നിങ്ങൾ എനിക്കൊരിക്കലും വിഷമമുണ്ടാക്കിയിട്ടില്ല. അത്യന്തഗുരുഭക്തരായ നിങ്ങൾക്കു ഞാനിതാ കൈകൂപ്പി വന്ദനം പറയുന്നു.

**ധൃതരാഷ്ട്രർ പറഞ്ഞു:**

വിദ്യാ വൃദ്ധാൻ സദൈവത്വ-
മുപാസിഥാ യുധിഷ്ഠിര,
ശൃണു യാസ്തേ ച യദ് ബ്രൂയുർ
കുര്യാശ്ചൈവാവിചാരയൻ

*(അല്ലയോ യുധിഷ്ഠിരാ, വിദ്യാവൃദ്ധന്മാരെ എപ്പോഴും ബഹുമാനിക്കണം. അവർ ചൊല്ലുന്നതെന്തും)*

ഇതു കേട്ടു ജനങ്ങൾക്കെല്ലാം തൊണ്ടയിടറി. കണ്ണു നിറഞ്ഞു. കണ്ണീർ തുടച്ചു കൊണ്ട് അവർ രാജാവിനും മഹാറാണിക്കും യാത്രാനുമതി നല്കി. ഇടയ്ക്ക് അവരുടെയെല്ലാം പ്രതിനിധിയായി സംബൻ എന്ന ബ്രാഹ്മണൻ രാജാവിനും രാജ്ഞിക്കും നന്ദി പറയുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കാമെന്നു വാക്കു നല്കുകയും ചെയ്തു.

ലൗകികചിന്തകളെല്ലാം ഉപേക്ഷിച്ചു വല്ക്കലധാരിയായി പുറപ്പെട്ട ധൃതരാഷ്ട്രരോടും ഗാന്ധാരിയോടുമൊപ്പം വിദുരരും സഞ്ജയനും കൂടി വനത്തിലേക്കു പുറപ്പെട്ടു. അപ്പോൾ എല്ലാവരെയും നടുക്കിയ ഒരു സംഭവം ഉണ്ടായി. പാണ്ഡവ മാതാവു കുന്തി ഗാന്ധാരിയുടെ കൈ സ്വന്തം ചുമലിൽ പിടിപ്പിച്ചു മുന്നിൽ നടന്നു തുടങ്ങി! ഇതു കണ്ടു യുധിഷ്ഠിരനും അനുജന്മാരും നടുങ്ങി. അവർ അമ്മയുടെ മുന്നിൽ ചെന്നു തടഞ്ഞു ചോദിച്ചു:

അമ്മേ, ഇതെന്താണ്? അമ്മയെങ്ങോട്ടാണ്? യുധിഷ്ഠിരനു തൊണ്ടയിടറി. മകനേ, അമ്മയ്ക്കും പ്രായമായി. എന്റെ ആത്മാവിന്റെ കാര്യങ്ങളിൽ മാത്രം ശ്രദ്ധിക്കേണ്ടവളാണിനി ഞാൻ. ഞാനും ഇവരോടൊപ്പം വാനപ്രസ്ഥം സ്വീകരിക്കുന്നു. നീ സഹദേവനെ ഒരിക്കലും വേദനിപ്പിക്കരുത്. പോരിൽ തോല്ക്കാത്ത നിന്റെ ജ്യേഷ്ഠൻ കർണനെ എന്നും ഓർക്കണം. പാഞ്ചാലിയോടു നീയൊരിക്കലും അനിഷ്ടം ചെയ്യരുത്. അനുജന്മാരെയെല്ലാം ഇണക്കി നിർത്തി രാജ്യം ഭരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഞാൻ വനത്തിൽ എന്റെ ജ്യേഷ്ഠനെയും ജ്യേഷ്ഠത്തിയെയും ശുശ്രൂഷിക്കട്ടെ. അന്ധരായ അവർക്കു വഴികാട്ടാൻ മറ്റാരുമില്ലല്ലോ.

അമ്മേ, ഞാൻ സമ്മതിക്കത്തില്ല- യുധിഷ്ഠിരൻ പിന്നെയും തടഞ്ഞു പറഞ്ഞു. കാടുകയറിയകാലത്തു ഞങ്ങളെ ഉത്തേജിപ്പിച്ചു ശത്രുക്കളെ ജയിച്ചു രാജ്യം നേടാൻ നിർബന്ധിച്ച അമ്മ, അതെല്ലാം കൈവശം വന്നപ്പോൾ ഞങ്ങളെ ഉപേക്ഷിച്ചു പോകുകയോ? പിന്നെന്തിനാണമ്മേ, അമ്മ വിദുളയുടെ കഥ പറഞ്ഞു ഞങ്ങളെ കർമനിരതരാക്കിയത്? ക്ഷത്രിയധർമം ഓർമിപ്പിച്ചു ഞങ്ങളെ വർധിതവീര്യരാക്കിയത്?

ഭീമനും അർജുനനും നകുലസഹദേവന്മാരും മാറി മാറി അമ്മയെ വഴി തടഞ്ഞു പിന്തിരിപ്പിക്കാൻ ശ്രമിച്ചു. അപ്പോൾ കുന്തി പറഞ്ഞു. നിങ്ങൾ പറഞ്ഞതു ശരിയാണ്. ഞാനാണു നിങ്ങളെ യുദ്ധം ചെയ്തു രാജ്യം സ്വന്തമാക്കാൻ പ്രേരിപ്പിച്ചത്. അതു നിങ്ങൾക്കു വേണ്ടിയായിരുന്നു. പിതാക്കന്മാരുടെ സംതൃപ്തിക്കുവേണ്ടിയായിരുന്നു. മഹാവീരന്മാരായ നിങ്ങൾ അപമാനിതരായി കാട്ടിൽ പാർക്കുന്നതോർത്തപ്പോൾ എനിക്കു സഹിച്ചില്ല ധർമ്മശ്രേഷ്ഠനായ യുധിഷ്ഠിരൻ, ഇന്ദ്രതുല്യനായ പാർത്ഥൻ, പതിനായിരം ആനകൾക്കു തുല്യൻ ഭീമൻ നിങ്ങളൊക്കെ കാട്ടിൽ പാർക്കേണ്ടവരല്ല നാടു വാഴേണ്ടവരാണ്. അതിനാണമ്മ നിങ്ങളെ ഉത്തേജിപ്പിച്ചത്. ഇപ്പോളിതാ ശത്രുക്കളെ വെന്ന് എന്റെ മക്കൾ യശസ്വികളായിരിക്കുന്നു, പ്രതാപശാലികളായിരിക്കുന്നു, സർവൈശ്വര്യസമ്പന്നരായിരിക്കുന്നു. അമ്മയ്ക്കിത്രയും മതി. അമ്മ സന്തുഷ്ടയാണ്. എന്റെ മക്കളുടെ സുഖത്തിൽ പങ്കുചേരാനല്ല ഞാനിപ്പോൾ ആഗ്രഹിക്കുന്നത്. വല്യച്ഛന്റെയും വല്യമ്മയുടെയും ദുഃഖത്തിൽ ശുശ്രൂഷിക്കാനാണ്. മക്കളേ, എനിക്കിനി രാജഭോഗങ്ങളാവശ്യമില്ല. അമ്മയെ പോകാൻ അനുവദിക്കൂ.

മക്കളും പാഞ്ചാലിയും, കൈക്കുഞ്ഞുമായി ഉത്തരയും നിർന്നിമേഷരായി വിതുമ്പി നില്ക്കെ, കുന്തി ഗാന്ധാരിയുടെ കൈപിടിച്ചു മുന്നിൽ നടന്നു. *(തുടരും)*



# ഉള്ളം കയ്യിലിരുന്നാലും വിധിയില്ലെങ്കിൽ പോയിടും

നെയ്ത്തുകലയിൽ സോമാലികനെ വെല്ലാൻ ആ നാട്ടിൽ മറ്റാരുമുണ്ടായിരുന്നില്ല. എത്രയും നേർത്ത നൂലുകൊണ്ടു മൃദുലമായ തുണികൾ ചിത്രപ്പണികളോടെ പല വർണത്തിൽ നെയ്തെടുക്കാനുള്ള സോമാലികന്റെ കഴിവ് അപാരം തന്നെയായിരുന്നു. പക്ഷേ, അത്യാവശ്യം ഭക്ഷണത്തിനും വസ്ത്രത്തിനുമുള്ള വക മാത്രമേ സോമാലികനു നേടാൻ കഴിഞ്ഞിരുന്നുള്ളൂ.

ഒരു ദിവസം സോമാലികൻ ഭാര്യയെ വിളിച്ചു പറഞ്ഞു: "ഞാൻ പകലന്തിയോളം പണിയെടുക്കുന്നു. നല്ല ഒന്നാന്തരം തുണികൾ നെയ്യുന്നു. പക്ഷേ, എനിക്കൊന്നും സമ്പാദിക്കാൻ കഴിയുന്നില്ല. ഞാൻ മറ്റേതെങ്കിലും നാട്ടിലേക്കു പോവുകയാണ്. അവിടെ പണിചെയ്തു കുറെ പണം സമ്പാദിക്കണം."

ഭാര്യ അതിനോടു യോജിച്ചില്ല. അവൾ പറഞ്ഞു: "അന്യനാട്ടിൽ പോയി ജോലി ചെയ്തു പണമുണ്ടാക്കാം എന്നു കരുതുന്നതു ബുദ്ധിയല്ല. കിട്ടാൻ വിധിയുണ്ടെങ്കിൽ കിട്ടും. വിധിയില്ലാത്തതു കിട്ടുകയുമില്ല. എല്ലാം കർമഫലമാണ്. നമുക്കു കിട്ടാനുള്ളതല്ലെങ്കിൽ ഉള്ളം കയ്യിൽ സൂക്ഷിച്ചാലും നഷ്ടമാകും."

ഭാര്യയുടെ അഭിപ്രായം സോമാലികനു സ്വീകാര്യമായില്ല. അയാൾ പുറപ്പെട്ടു. വർധമാനപുരം എന്ന സ്ഥലത്തെത്തി നെയ്ത്തുതുടങ്ങി. കഠിന പരിശ്രമംകൊണ്ടു മുന്നൂറു പൊൻപണം സമ്പാദിക്കുവാൻ കഴിഞ്ഞു.

സമ്പാദ്യവുമായി അയാൾ നാട്ടിലേക്കു മടങ്ങി. സോമാലികൻ നടന്നു വനമധ്യത്തിൽ എത്തി, നേരവും ഇരുട്ടി. ഏതായാലും ഈ രാത്രി വനത്തിൽ കഴിയുക തന്നെ. അയാൾ ഒരു വലിയ വൃക്ഷത്തിന്റെ മുകളിൽ കയറി ഇരുന്ന് ഉറക്കമായി. ഉറക്കത്തിൽ അയാൾ ഒരു സ്വപ്നം കണ്ടു.

രണ്ടുദേവന്മാർ സംസാരിക്കുകയാണ്. ഒരാൾ പറഞ്ഞു: "ഈ ആൾക്കു ധനസമ്പാദനത്തിനുള്ള യോഗമില്ല. നിത്യനിദാനത്തിനുള്ള വകയുണ്ടാക്കുവാനേ യോഗമുള്ളൂ. അങ്ങ് എന്തിനാണ് ഇയാൾക്ക് ഇത്രയധികം ധനം കൊടുത്തത്?" ഇതുകേട്ടു മറ്റെ ദേവൻ പറഞ്ഞു: "യത്നിക്കുന്നവനു കൂലി കൊടുക്കേണ്ടത് എന്റെ കടമയാണ്. അയാൾ കഠിനാധ്വാനം ചെയ്തു. അതിനുള്ള കൂലി ഞാൻ കൊടുത്തു. അത് അയാൾക്ക് അനുഭവിക്കാനുള്ള യോഗമുണ്ടോ എന്നതൊക്കെ തന്റെ കാര്യമാണ്."



പെട്ടെന്നു സോമാലികൻ ഉണർന്നു. അയാൾ ആദ്യം തപ്പിനോക്കിയതു മടിശീലയാണ്. മടിശീല കാലി. അയാൾക്കു സങ്കടം സഹിക്കാനായില്ല. സോമാലികൻ വിചാരിച്ചു.

"ഈശ്വരാ ഇതെന്തു വിധി. എന്റെ പ്രയത്നങ്ങൾ എല്ലാം വിഫലമായി. എന്റെ ഭാര്യ, അവൾ എന്നെ തടഞ്ഞതാണ്. ഇനി ഞാൻ അവളോടെന്തു പറയും?" സോമാലികന് ഉറങ്ങാൻ കഴിഞ്ഞില്ല.

വർധമാനപുരത്തേക്കു തന്നെ തിരിച്ചുപോവുക. വീണ്ടും കഠിനപ്രയത്നം ചെയ്യുക. ധനം സമ്പാദിച്ചിട്ടേ ഇനി വീട്ടിലേക്കുള്ളൂ. സോമാലികൻ തീരുമാനിച്ചുറച്ചു.

സോമാലികൻ വർധമാനപുരത്തെത്തി കഠിനമായി അധ്വാനിച്ച് അഞ്ഞൂറു സ്വർണനാണയങ്ങൾ സമ്പാദിച്ചു. ഇരുട്ടുന്നതിനുമുമ്പേ വനം കടക്കണം. അതിനായി ആവുന്നത്ര വേഗത്തിൽ നടന്നു.

അപ്പോൾ തനിക്കെതിരെ രണ്ടുപേർ നടന്നുവരുന്നതു സോമാലികൻ കണ്ടു. അയാൾ മനസ്സിൽ പറഞ്ഞു.

"അതെ, ആ രണ്ടു പേർ തന്നെ. കഴിഞ്ഞ തവണ സ്വപ്നത്തിൽ കണ്ടവർ തന്നെ". എങ്കിലും നാണയസഞ്ചി മുറുകെ പിടിച്ചുകൊണ്ടു സോമാലികൻ മുന്നോട്ടു നടന്നു.

അവരുടെ അടുത്തെത്തിയപ്പോൾ അവരിലൊരാൾ പരനോടു പറഞ്ഞു: "എടോ താനെന്തിനാണ് ഇയാൾക്ക് അഞ്ഞൂറു സ്വർണനാണയങ്ങൾ കൊടുത്തത്. ഇയാൾക്കു ധനം സമ്പാദിക്കാൻ വിധിയില്ല എന്നറിയില്ലേ?"

ഇതുകേട്ടു മറ്റെയാൾ പറഞ്ഞു: "യത്നിക്കുന്നവനു കൂലികൊടുക്കേണ്ടത് എന്റെ കടമയാണ്. ഞാനതു ചെയ്തു. സമ്പാദ്യത്തിനുള്ള യോഗമുണ്ടോയെന്നതൊക്കെ താങ്കളുടെ കാര്യമാണ്". പെട്ടെന്നു സോമാലികൻ മടിശീല തപ്പിനോക്കി. അത്ഭുതം. മടിശീല കാലി!

തീവ്രമായ ദുഃഖം സോമാലികനെ തളർത്തി. ഇതാണു വിധിയെങ്കിൽ ജീവിതം അവസാനിപ്പിക്കുകയാണു നല്ലത്. അയാൾ നിശ്ചയിച്ചുറച്ചു. അയാൾ അടുത്തുകണ്ട ദർഭപ്പുല്ലുകൾ പറിച്ചെടുത്തു പിണച്ചു നീളത്തിൽ വടമുണ്ടാക്കി. അടുത്ത മരക്കൊമ്പിൽ കെട്ടി ഞാന്നു മരിക്കാനുറച്ചു മരത്തിൽകയറി. ഈ സമയത്തു സോമാലികൻ ഒരശരീരി കേട്ടു: സോമാലികാ അവിവേകം കാണിക്കരുത്. നിനക്ക് ആഡംബരങ്ങൾക്കു യോഗമില്ല. നിന്റെ പണം അപഹരിച്ചതു ഞാനാണ്. ♦♦♦

## ഗോദവർമ്മ പുരസ്കാരം ഡോ.കുര്യാസ് കുമ്പളക്കുഴിക്ക്



മലയാളഗവേഷണ വേദിയുടെ ഈ വർഷത്തെ ഡോ. ഗോദവർമ്മ പുരസ്കാരം പ്രതിച്ഛായ ചീഫ് എഡിറ്റർ ഡോ.കുര്യാസ് കുമ്പളക്കുഴിക്കു ലഭിക്കുന്നു. ലണ്ടൻ സർവകലാശാലയിൽ നിന്നു മലയാളത്തിൽ ആദ്യമായി പിഎച്ച്.ഡി. നേടി മലയാള ഗവേഷണ ശാഖയ്ക്ക് അടിത്തറ പാകിയ ഡോ.ഗോദവർമയുടെ ഓർമയ്ക്കു മലയാള ഗവേഷണവേദി ഏർപ്പെടുത്തിയതാണ് ഈ പുരസ്കാരം.

മലയാളഭാഷാ സാഹിത്യ ഗവേഷണ മേഖലയിലെ സമഗ്ര സംഭാവന മുൻനിർത്തിയാണ് ഈ പുരസ്കാരം നല്കുന്നത്. 25,000 രൂപയും ശില്പവും പ്രശസ്തിപത്രവും അടങ്ങുന്ന പുരസ്കാരം ഒക്ടോബർ ഒമ്പതിനു കോട്ടയത്തു സമ്മാനിക്കും.

ഡോ.ഡി.ബഞ്ചമിൻ ചെയർമാനും ഡോ.എൻ.സാം, ഡോ.രഘുകുമാർ കുടവട്ടൂർ, ഡോ.ബാബു സെബാസ്റ്റ്യൻ എന്നിവർ അംഗങ്ങളുമായുള്ള അവാർഡു നിർണയസമിതിയാണു കുര്യാസിനെ പുരസ്കാരത്തിനായി തെരഞ്ഞെടുത്തത്.

മഹാത്മാഗാന്ധി സർവകലാശാലയിൽ പ്രഫസറും റിസർച്ച് ഗൈഡുമായിരുന്ന ഡോ.കുര്യാസ് കുമ്പളക്കുഴിയുടെ മേൽനോട്ടത്തിൽ 14 പിഎച്ച്.ഡി. ബിരുദങ്ങൾ അവാർഡു ചെയ്യപ്പെട്ടിട്ടുണ്ട്. 60ലധികം എംഫിൽ പ്രബന്ധങ്ങളും സമർപ്പിക്കപ്പെട്ടിട്ടുണ്ട്.

പതിനെട്ടാം നൂറ്റാണ്ടിൽ മലയാള ഭാഷയ്ക്കും സാഹിത്യത്തിനും അമൂല്യ സംഭാവനകൾ നല്കിയ അർണോസ് പാതിരിയെക്കുറിച്ചുള്ള ഗവേഷണ പഠനം ഉൾപ്പെടെ മലയാള ഭാഷയും സാഹിത്യവും അടിസ്ഥാനമാക്കിയുള്ള 30ലധികം ഗവേഷണ പഠനങ്ങൾ കുര്യാസിന്റേതായിട്ടുണ്ട്. സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ, എം.ജി സർവകലാശാലാ ഡീൻ, പോസ്റ്റ് ഗ്രാഡ്വേറ്റ് ബോർഡ് ചെയർമാൻ, സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

□

## കെ.എം.മാണിയുടേത് കാർഷിക പ്രതിബദ്ധത തെളിയിക്കുന്ന ബജറ്റ്

ജോയി ഏബ്രഹാം



കേരളാ കോൺഗ്രസിനു കർഷകരോടുള്ള പ്രതിബദ്ധതയ്ക്കു തെളിവാണ് കെ.എം. മാണി യുഡിഫിനുവേണ്ടി അവതരിപ്പിച്ച ബജറ്റെന്നു കേരളാ കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.ജോയി ഏബ്രഹാം എക്സ് എംഎൽഎ. ചെറുകിട കർഷകർക്കു പെൻഷൻ അനുവദിച്ചതു കർഷക പ്രേമത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണെന്നും അദ്ദേഹം പറഞ്ഞു.

യൂത്ത് ഫ്രണ്ട് (എം) ഭരണങ്ങാനം മണ്ഡലം കമ്മിറ്റി നടത്തിയ ബജറ്റ് അവലോകന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മണ്ഡലം പ്രസിഡണ്ട് സാബു ഔസേപ്പറമ്പിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. യൂത്ത് ഫ്രണ്ട് സംസ്ഥാന ജനറൽ സെക്രട്ടറി രാജേഷ് വാളിപ്ലാക്കൽ മുഖ്യപ്രഭാഷണം നടത്തി.

ബിജു ഇളംതുരുത്തിയിൽ, അപ്പച്ചൻ അറയ്ക്കൽ, ലിസ്സി മാമ്മൻ, ഷൈജു കാരിമറ്റം, മാത്യു തറപ്പേൽ, ആനന്ദ് ചെറുവള്ളി, ജിനു വല്ലനാട്ട്, സിബി നരിക്കുഴി, മാർട്ടിൻ കവിയിൽ തുടങ്ങിയവർ പ്രസംഗിച്ചു.

റ്റിജോ ഈറ്റയ്ക്കക്കുന്നേൽ, റോബിൻ പരുത്തുവീട്ടിൽ, ജ്യോതിഷ് പൂവത്തിങ്കൽ, സജോ വാഴചാരിക്കൽ, മാണി കല്ലറങ്ങാട്ട്, കുഞ്ഞുകുട്ടി ചെമ്മല, ജോസ് ഉപ്പുമാക്കൽ, ജോജി വട്ടപ്പലം തുടങ്ങിയവർ ചർച്ചകൾക്കു നേതൃത്വം നല്കി.

□

# തമിഴ് തായ്മൊഴിത്തേൻ ചൊരിഞ്ഞ

ഇരുപതാംനൂറ്റാണ്ടിലെ മഹാനായ തമിഴ്കവിയാണു സുബ്രഹ്മണ്യഭാരതി. തമിഴ് കവിതയിൽ കാല്പനിക യുഗത്തിന് അടിത്തറ പാകിയ കവിയും അദ്ദേഹം തന്നെ. തീക്ഷ്ണമായ ദേശീയ ബോധം നിറഞ്ഞുനില്ക്കുന്ന രചനകൾ അദ്ദേഹത്തിനു 'ഭാരതീയാർ' എന്ന ബഹുമതി നേടിക്കൊടുത്തു. ഗദ്യ-പദ്യരചനകളിൽ ഒരേപോലെ കൃതഹസ്തത പ്രകടിപ്പിച്ച സുബ്രഹ്മണ്യ ഭാരതിയെ ആധുനിക തമിഴ്സാഹിത്യത്തിന്റെ പ്രഭാതനക്ഷത്രം എന്നാണു വിശേഷിപ്പിക്കുന്നത്.

തൊൽക്കാപ്പിയം എന്ന ഭാഷാശാസ്ത്ര- വ്യാകരണഗ്രന്ഥത്തെ അടിസ്ഥാനമാക്കിയിരുന്ന കാവ്യരചനയുടെ രീതിശാസ്ത്രങ്ങളിൽ നിന്നും തമിഴ് കവിതയെ മോചിപ്പിച്ച് ആധുനിക കവിതയെ (പുതുക്കവിതൈ) തമിഴ് സാഹിത്യത്തിലേക്കു കൈപിടിച്ചാനയിച്ച യുഗപ്രഭാവനാണു സുബ്രഹ്മണ്യഭാരതി.

തമിഴ്നാട്ടിലെ തിരുനൽവേലി ജില്ലയിൽ എട്ടയപുരം ഗ്രാമത്തിൽ 1882 ഡിസംബർ 11നാണു പണ്ഡിതനായിരുന്ന ചിന്നസ്വാമി അയ്യരുടെയും ലക്ഷ്മി അമ്മാളിന്റെയും മകനായി സുബ്രഹ്മണ്യ ഭാരതി ജനിച്ചത്. തമിഴ് ഭാഷയിലും സാഹിത്യത്തിലും അമിത താത്പര്യമുണ്ടായിരുന്ന കൊച്ചുസുബ്രഹ്മണ്യൻ കുട്ടിക്കാലത്തു തന്നെ നിമിഷകവിതകൾ നിർമിച്ചിരുന്നു.

പിതാവിന്റെ മരണശേഷം കാശിയിലെത്തിയ സുബ്രഹ്മണ്യൻ സംസ്കൃതം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ പ്രാവീണ്യം നേടി അധ്യാപകവൃത്തിയിൽ ഏർപ്പെട്ടു. ഇക്കാലത്തു കൊൽക്കത്തയിൽ വെച്ചു വിവേകാനന്ദ ശിഷ്യയായ സിസ്റ്റർ നിവേദിതയെ കണ്ടതു ഭാരതിയുടെ ജീവിതത്തിലെ വഴിത്തിരിവായി. അദ്ദേഹം അവരെ തന്റെ ആത്മീയ ഗുരുവായി സ്വീകരിച്ചു.



*സുബ്രഹ്മണ്യഭാരതി*

1901ൽ കാശിയിൽ നിന്നും എട്ടയപുരത്തു തിരിച്ചെത്തിയ ഭാരതി തമിഴ്ഭാഷയും സാഹിത്യവും ആഴത്തിൽ പഠിച്ചു. തുടർന്നു പത്രപ്രവർത്തനരംഗത്തിറങ്ങിയ അദ്ദേഹം സ്വദേശമിത്രൻ തമിഴ് ദിനപത്രത്തിന്റെ സഹപത്രാധിപരായും ഇന്ത്യാദിനപത്രത്തിന്റെ പത്രാധിപരായും ജോലിചെയ്തു.




*മഹാകവി ഭാരതിയർ മെമ്മോറിയൽ മ്യൂസിയം*

റാഡിക്കൽ സോഷ്യൽ റിഫോം എന്ന ഇംഗ്ലീഷ് വാരികയും ഇക്കാലത്ത് ആരംഭിച്ചു. നാട്ടിലെങ്ങും അലയടിച്ച ദേശീയപ്രക്ഷോഭത്തിൽ സുബ്രഹ്മണ്യ ഭാരതി സജീവഭാഗഭാക്കായി. തൂലികയെ പടവാളാക്കി അദ്ദേഹം തന്റെ പ്രസിദ്ധീകരണങ്ങളിലൂടെ ബ്രിട്ടീഷുകാർക്കെതിരെ ആഞ്ഞടിച്ചു.

ഭാരതിയുടെ ആളിപ്പടർന്ന വിപ്ലവവീര്യവും സ്വാതന്ത്ര്യദാഹവും മിതവാദികളെപ്പോലും ആവേശം കൊള്ളിച്ചു. മദിരാശിയിലും ചുറ്റുപാടും നടന്നിരുന്ന രാഷ്ട്രീയ യോഗങ്ങളിൽ സ്വന്തം ദേശഭക്തി ഗാനങ്ങൾ അദ്ദേഹം ആവേശമധു

# സുബ്രഹ്മണ്യഭാരതി



എട്ടയപുരം ഇല്ലം

രമായി പാടുന്നതു കേൾക്കാനായി മാത്രം ആളുകൾ തടിച്ചുകൂടിയിരുന്നു. രാഷ്ട്രീയ യോഗങ്ങളാരംഭിക്കുന്നതു ഭാരതിയുടെ ദേശഭക്തി ഗാനത്തോടെ



സിസ്റ്റർ നിവേദിത

യാവണം എന്ന ഒരു കീഴ്‌വഴക്കം തന്നെ അന്നുണ്ടായിരുന്നു.

രാഷ്ട്രീയ പ്രക്ഷോഭകരെ ബ്രിട്ടീഷ് സർക്കാർ തുറുങ്കിലടക്കാൻ തുനിഞ്ഞപ്പോൾ ഭാരതി തന്റെ കർമമേഖല പോണ്ടിച്ചേരിയിലേക്കു മാറ്റി. അവിടെയും അദ്ദേഹം പത്രമാസികൾ പ്രസിദ്ധീകരിച്ചു തുടങ്ങി.

അവയുടെ ജനസ്വാധീനവും പ്രചാരവും കണ്ടു ഞെട്ടിയ ബ്രിട്ടീഷ് സർക്കാർ അവയെ നിരോധിച്ചു.

പോണ്ടിച്ചേരി വാസത്തിന്റെ അവസാനനാളുകളിൽ ഭാരതി സന്യാസജീവിതാഭിമുഖ്യവുമായി മഹർഷി അരവിന്ദന്റെ അടുത്തെത്തി. ക്രമേണ അവർ ഉറ്റസുഹൃത്തുക്കളായി മാറി. പ്രഖ്യാതമായ ഇതിഹാസ, കാവ്യ- നാടകാദികളിലെ കഥാസന്ദർഭങ്ങളെ ഭാരതി കവിതയിൽ പുനരാവിഷ്ക്കരിച്ചത് ഇക്കാലത്താണ്.

പോണ്ടിച്ചേരിയിൽ നിന്നും ബ്രിട്ടീഷിന്ത്യയിലേക്കു മടങ്ങിയ ഭാരതിയെ ബ്രിട്ടീഷുകാർ അറസ്റ്റു ചെയ്തു തടവിലാക്കിയെങ്കിലും പ്രമുഖ ദേശീയ നേതാക്കൾ ഇടപെട്ടു മോചിപ്പിച്ചു. ജീവിതത്തിന്റെ അന്ത്യഘട്ടത്തിൽ തീവ്രവാദമുക്തനായ ഭാരതി ഗാന്ധിയൻ തത്വസംഹിതകളിൽ ആകൃഷ്ടനായി ഗാന്ധിയൻ ആദർശങ്ങൾ പ്രചരിപ്പിക്കുന്നതിൽ മുഴുകി. 1921 സെപ്റ്റംബർ 11 ന് അദ്ദേഹം മരണമടഞ്ഞു.

തികഞ്ഞ പുരോഗമനവാദിയും സാമൂഹ്യപരിഷ്ക്കർത്താവുമായിരുന്നു സുബ്രഹ്മണ്യ ഭാരതി. എല്ലാതരത്തിലുമുള്ള ഉച്ചനീചത്വങ്ങൾക്കുമെതിരായിരുന്നു അദ്ദേഹം. ലോകത്തു രണ്ടു ജാതിയേ ഉള്ളൂ; വിദ്യാഭ്യാസമുള്ളവരും അത് ഇല്ലാത്തവരും, ഭാരതി പറഞ്ഞു.

സർവജനസമ്മതനായിരുന്ന അദ്ദേഹത്തെ യശശ്ശരീരനായ അണ്ണാദുരൈ 'ജനകീയകവി' എന്നു വിശേഷിപ്പിച്ചു. തമിഴ്മക്കൾക്കു 'തമിഴ്ത്തായ്മൊഴിത്തേൻ' ആവോളം പകർന്നുകൊടുത്ത ഭാരതി



മഹർഷി അരവിന്ദ്

അതോടൊപ്പം ജനമനസ്സുകളിൽ ദേശീയ ബോധം അങ്കുരുപ്പിച്ചു ഭാരതസ്വാതന്ത്ര്യത്തിനായി പടപൊരുതാൻ അവരെ സജ്ജരാക്കുകയും ചെയ്തു.

ദേശീയ ഗീതങ്ങൾ, തെയ്‌വ പാടൽകൾ, പൽവകൈ പാടൽകൾ, മുപ്പെരും പാടൽകൾ എന്നു നാലുവിഭാഗങ്ങളിലായി പടർന്നു കിടക്കുന്നു സുബ്രഹ്മണ്യ ഭാരതിയുടെ കവിതകൾ. ഇതോടൊപ്പം നിരവധി ഗദ്യകൃതികളും രചിച്ചിട്ടുണ്ട്. രാജ്യദ്രോഹപരമെന്ന കാരണം പറഞ്ഞു ബ്രിട്ടീഷ് സർക്കാർ കണ്ടുകെട്ടിയ ഭാരതീകൃതികൾക്കു സ്വാതന്ത്ര്യപ്പിറവിയോടെ അഭൂതപൂർവമായ പ്രചാരം ലഭിച്ചു. തമിഴ്നാട് സർക്കാർ ഇവയുടെ പകർപ്പവകാശം വിലയ്ക്കെടുത്തു ജനതയ്ക്കായി സമർപ്പിച്ചു.

# പരിസ്ഥിതി ദുർബലപ്രദേശ പ്രഖ്യാപനവും ജനങ്ങളുടെ ആശങ്കകളും

*(15-ാം പേജിൽ നിന്നു തുടർച്ച)*

1972ൽ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധി സ്റ്റോക്ക്ഹോം മാനവ പരിസ്ഥിതി സമ്മേളനത്തിൽ മനുഷ്യനും പരിസ്ഥിതിയുമായുള്ള അഭേദ്യമായ ബന്ധത്തെക്കുറിച്ചുള്ള പ്രഭാഷണത്തിൽ സാധാരണക്കാരായ ജനങ്ങളെ പരിസ്ഥിതി സംരക്ഷണത്തിന്റെ പേരിൽ പ്രയാസപ്പെടുത്തരുതെന്നു ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇന്ത്യ ഒപ്പിട്ട ജൈവവൈവിധ്യക്കരാർ അനുസരിച്ച് അക്കാലത്തു സമ്പന്ന രാജ്യങ്ങളിൽ ജൈവവൈവിധ്യ പ്രാധാന്യമുള്ള സ്ഥലങ്ങളില്ല. എന്നാൽ,ഇന്ത്യയിൽ ഇപ്രകാരമുള്ള സ്ഥലങ്ങളുണ്ട്.

ഇതിന്റെ സംരക്ഷണത്തിനായി രൂപീകരിക്കപ്പെട്ട സാമ്പത്തികനിധിയിൽ നിന്നും ഇന്ത്യക്കു ധനസഹായം ലഭിക്കുന്നുണ്ട്. സാമൂഹ്യ വനവത്ക്കരണത്തിന്റെ പേരിൽ ഇവിടെയെത്തുന്ന കോടിക്കണക്കായുള്ള തുകയുടെ വിനിയോഗം തത്പരകക്ഷികൾക്കു നടത്തുവാൻ പരിസ്ഥിതി സംരക്ഷണത്തിന്റെ മറവിൽ കഴിയുന്നുവെന്നത് ആരോപണമല്ലാ, മറിച്ചു വസ്തുതയാണ്.

പതിറ്റാണ്ടുകളായി കേരളത്തിൽമാത്രം മേൽപ്രകാരം ലഭിച്ച തുകയുടെ വിനിയോഗം വസ്തുതാപരമായ പരിശോധനയിലൂടെ ബോധ്യപ്പെടാവുന്നതാണ്. ഇക്കൂട്ടർക്ക് ഇരതേടാൻ പരിസ്ഥിതിയുടെ പേരുതന്നെ വീണ്ടും ആവർത്തിക്കേണ്ടിയിരിക്കുന്നു. എന്നാൽ, വനസംരക്ഷണ കാര്യത്തിൽ കാനഡ പോലുള്ള രാജ്യങ്ങളിൽ വനം വച്ചുപിടിപ്പിക്കുന്നതും, സംരക്ഷിക്കുന്നതും ജനങ്ങൾ തന്നെയാണ്. കൃഷിയും, മറ്റു തൊഴിലുകളും വരുമാനമാർഗമായി സ്വീകരിക്കുന്ന ആ രാജ്യത്തെ ജനതയ്ക്കു പരിസ്ഥിതി സംരക്ഷണത്തിനായി പരമാവധി പ്രോത്സാഹനം സർക്കാർ തന്നെ നേരിട്ടു നല്കുന്നു. ഇവിടെയും ഇക്കാര്യത്തിൽ ജനങ്ങളെ വിശ്വാസത്തിലെടുത്തു പ്രോത്സാഹിപ്പിക്കേണ്ടതാണ്.



വനജൈവസമ്പത്തു മൂലം വ്യക്തികൾക്കും, സമൂഹത്തിനും, രാജ്യത്തിനും ലഭിക്കുന്ന ഗുണഫലങ്ങൾ ബോധ്യപ്പെടുത്തുവാനും, ഇതിനാവശ്യമായ ധനസഹായങ്ങളടക്കം നല്കുവാനും അധികൃതർ തയ്യാറാവേണ്ടതാണ്, കേരളത്തിലെ ചെറുതും വലുതുമായ കർഷക സമൂഹം പരപ്രേരണകളൊന്നും തന്നെയില്ലാതെ തങ്ങളുടെ കൃഷിയിടത്തിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചു സംരക്ഷിക്കുന്നതു നമുക്കു കാണാവുന്നതാണ്. വനംവകുപ്പിന്റെ ഈ രംഗത്തുള്ള കെടുകാര്യസ്ഥതയും അഴിമതിയും നമുക്കു ബോധ്യപ്പെട്ടു കഴിഞ്ഞു. ജൈവവൈവിധ്യത്തിനു ദീർഘകാല ശോഷണം ഉണ്ടാകാതെ അതിന്റെ സമൃദ്ധിനിലനിറുത്തി വർത്തമാന ഭാവി തലമുറകളുടെ ആവശ്യങ്ങളും അഭിലാഷങ്ങളും നിറവേറ്റാൻ ഉതകുന്ന തരത്തിലുള്ള ജൈവവൈവിധ്യഘടകങ്ങളാക്കി യഥായോഗ്യവും പ്രത്യേക ആനുപാതിക അടിസ്ഥാനത്തിലുള്ള ഉപയോഗ ശൈലിയാണ് 174 രാജ്യങ്ങൾ ഒപ്പിട്ട ജൈവവൈവിധ്യകരാർ ലക്ഷ്യമിടുന്നത്. എല്ലാ നിയമങ്ങളും നടപടികളും ജനങ്ങളുടെ പൊതുവായ ക്ഷേമം നിലനിറുത്തുവാനുതകുംവിധമാവണം. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിലെ വനംമന്ത്രി ശ്രീ ബിനോയ് വിശ്വം കൊണ്ടുവന്ന ഭേദഗതിയും കർഷകർക്കു പരിരക്ഷയായില്ല.

എൽ.ഡി.എഫിന്റെ പുതിയ ഭേദഗതി നിയമത്തിൽ പരാതി പരിഹാരത്തിനുമുമ്പ് 7 സർക്കാർ ഓഫീസുകൾ കയറിയാൽ മതിയായിരുന്നുവെങ്കിൽ ഇപ്പോൾ 12 സർക്കാർ ഓഫീസുകളിൽ കയറിയിറങ്ങേണ്ട കൂടുതൽ പ്രയാസപൂർണമായ അവസ്ഥയുണ്ടായിരിക്കുന്നു.

**യു.ഡി.എഫ് സർക്കാരിന്റെ ബജറ്റ് നിർദേശം**

മേൽ വിവരിച്ച പ്രകാരം തികച്ചും സങ്കീർണമായ പ്രശ്നങ്ങളാൽ കുരുങ്ങിക്കിടക്കുന്ന ഈ വിഷയത്തിൽ പരിഹാരം കാണുന്നതിനായി ധനമന്ത്രി ശ്രീ.കെ.എം. മാണി അവതരിപ്പിച്ച ബജറ്റിൽ വനം, പരിസ്ഥിതി നിയമത്തിൽ നിന്നും കർഷക ഭൂമിയെ ഒഴിവാക്കുന്നു എന്ന നിർദേശം ഏറ്റവും സ്വാഗതാർഹമായിരിക്കുന്നു. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ പരിസ്ഥിതി ദുർബല പ്രദേശ സംരക്ഷണത്തിന്റെ പേരിൽ കേവലം ഉദ്യോഗസ്ഥ നിലപാടിനു മാത്രം പ്രാമുഖ്യം നല്കുന്നതിനു പകരം സമൂഹത്തിന്റെ വർത്തമാനകാല സാഹചര്യങ്ങൾക്കു മുൻഗണന നല്കണമെന്നാണു ബജറ്റ് നിർദേശം നല്കുന്ന വ്യക്തമായ സൂചന. ഇനിയും അവകാശ തർക്ക പരിഹാരസമിതിയല്ലാ, മറിച്ചു ജനഹിതം മാനിക്കുന്ന ജനപക്ഷ നടപടികളാണു വേണ്ടത്. ഇതിനായുള്ള തിരിച്ചറിവ് എക്സിക്യൂട്ടിവിന്റെ തലപ്പത്തുള്ളവർ കാണിക്കുമെന്നു പ്രതീക്ഷക്കട്ടെ!

*(കേരളാ കോൺഗ്രസ് (എം), വയനാട് ജില്ലാ പ്രസിഡണ്ടാണ് ലേഖകൻ)*

തികച്ചും സങ്കീർണമായ പ്രശ്നങ്ങളാൽ കുരുങ്ങിക്കിടക്കുന്ന ഈ വിഷയത്തിൽ പരിഹാരം കാണുന്നതിനായി ധനമന്ത്രി ശ്രീ.കെ.എം.മാണി അവതരിപ്പിച്ച ബജറ്റിൽ വനം, പരിസ്ഥിതി നിയമത്തിൽ നിന്നും കർഷക ഭൂമിയെ ഒഴിവാക്കുന്നു എന്ന നിർദേശം ഏറ്റവും സ്വാഗതാർഹമായിരിക്കുന്നു. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ പരിസ്ഥിതി ദുർബല പ്രദേശ സംരക്ഷണത്തിന്റെ പേരിൽ കേവലം ഉദ്യോഗസ്ഥ നിലപാടിനു മാത്രം പ്രാമുഖ്യം നല്കുന്നതിനു പകരം സമൂഹത്തിന്റെ വർത്തമാന കാല സാഹചര്യങ്ങൾക്കു മുൻഗണന നല്കണമെന്നാണു ബജറ്റ് നിർദേശം നല്കുന്ന വ്യക്തമായ സൂചന.

# കേരളത്തെ വികസനക്കുതിപ്പിന്റെ പാതയിലേക്കു നയിക്കുക മുഖ്യലക്ഷ്യമെന്നു കെ.എം.മാണിയും പി.ജെ.ജോസഫും



വികസന സ്തംഭനാവസ്ഥയിൽ നിന്നു വികസനക്കുതിപ്പിന്റെ പാതയിലേക്കു കേരളത്തെ എത്തിക്കുകയാണു യുഡിഎഫ് സർക്കാരിന്റെ മുഖ്യ ലക്ഷ്യമെന്നു കേരളാ കോൺഗ്രസ് (എം) ചെയർമാനും ധനമന്ത്രിയുമായ കെ.എം.മാണിയും ജലവിഭവ വകുപ്പുമന്ത്രിയായ പി.ജെ.ജോസഫും പറഞ്ഞു. ആലപ്പുഴ ജില്ലാ സമ്മേളനത്തിനോട് അനുബന്ധിച്ചു കെ.ടി.യു.സി (എം) ആലപ്പുഴ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച സ്വീകരണ സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു ഇരുവരും.



കെ.റ്റി.യു.സി. (എം) ജില്ലാ പ്രസിഡണ്ട് തോമസ് കളരിക്കൽ മുഖ്യപ്രഭാഷണം നടത്തി. ജില്ലാ നേതാക്കളായ എ.എ.ജോർജ്, കെ.എൻ.ജയറാം, ഹുസൈൻ ആദിക്കാട്ടുകുളങ്ങര, സുനിൽകുമാർ, എ. ഉസ്മാൻ, മോനിച്ചൻ സേവ്യർ, പുരുഷോത്തമൻ, സുലൈമാൻ,ജലാൽ ക്ലീറ്റസ്, രാജേഷ്, ജിജി മൂലയിൽ എന്നിവർ പ്രസംഗിച്ചു. □

# റബർ കൃഷി ചെയ്യുന്ന ഭൂമിയെ കൃഷിഭൂമിയായി അംഗീകരിക്കണം

## ഫ്രാൻസിസ് ജോർജ് എക്സ് എം.പി



റബർ കൃഷി ചെയ്തിട്ടുള്ള ഭൂമി കൃഷിഭൂമിയല്ല എന്ന വാദവുമായി മുന്നോട്ടുപോകുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നീക്കം ഉപേക്ഷിക്കണമെന്നു കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി ഫ്രാൻസിസ് ജോർജ് എക്സ് എം.പി ആവശ്യപ്പെട്ടു. 11 ലക്ഷത്തിലധികം റബർ കൃഷിക്കാരോടും 5 ലക്ഷത്തിലധികം തൊഴിലാളികളോടുള്ള കടുത്ത വഞ്ചനയായി മാത്രമെ എസ്ബിടിയുടെ ഈ നീക്കത്തെ കാണുവാൻ കഴിയുള്ളൂവെന്നും അദ്ദേഹം പറഞ്ഞു.

എം.ജി. റോഡിലുള്ള എസ്.ബി.റ്റിക്കു മുന്നിൽ കേരളാ കോൺഗ്രസ് (എം) എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ ധർണ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ പ്രസിഡണ്ട് ഷിബു തെക്കുംപുറം അധ്യക്ഷത വഹിച്ചു.

പാർട്ടി സംസ്ഥാന നേതാക്കളായ വി.വി.ജോഷി, ബാബു ജോസഫ്, എം.എം.ഫ്രാൻസിസ് പൗലോസ് മേനാച്ചേരി, ഇ.കെ.ഹസ്സൻകുട്ടി, ബേബി വട്ടക്കുന്നേൽ, സേവി കുരിശുവീട്ടിൽ, ജോയി മുളവരിക്കൽ, മുഹമ്മദ് ഇക്ബാൽ, പി.പി.ഫിലിപ്പ്, ജോസ് ആന്റണി, ജോയി വിതയത്തിൽ, കെ.പി.ബാബു, ജോണി അരീക്കാട്ടിൽ, സന്തോഷ് ജോർജ്, ജോയി ജോസഫ്, ബാബു പോൾ, പൗലോസ് ചാറ്റുകുളം, ജോസഫ് സാർദ്ദോ, വർക്കി എടപ്പാട്ട്, കെ.ഡി.സ്റ്റീഫൻ, ബേബി തെക്കേക്കുന്നേൽ, സാജു മേനാച്ചേരി, ബിജുമ്യാലിൽ, കെ.എസ്.ജോർജ്, പ്രിയേഷ് കെ.മാത്യു, ജേക്കബ് കളപ്പുരമ്പത്ത്, ടി.വി.ചെറിയാൻ, കെ.ജെ. ആന്റണി, സുനിൽ ഈപ്പൻ, ജോളി ജോർജ്, പൗലോസ് മുടക്കുംത്തല, ജോൺസൺ പാട്ടത്തിൽ എന്നിവർ പ്രസംഗിച്ചു. □

# കേരള ബജറ്റ് സ്വന്തം കാലിൽ നില്ക്കാൻ കർഷകരെ പ്രാപ്തരാക്കി

സി.പി.ജോൺ



സ്വന്തം കാലിൽ നില്ക്കാൻ കൃഷിക്കാരെ പ്രാപ്തരാക്കി, കേരള സമ്പദ്ഘടന പടുത്തുയർത്തുന്നതിനുതകുന്ന ഭാവനാപൂർണമായ പരിശ്രമമാണു ധനകാര്യമന്ത്രി കെ.എം. മാണി അവതരിപ്പിച്ച ബജറ്റെന്ന് ആസൂത്രണബോർഡംഗം സി. പി.ജോൺ അഭിപ്രായപ്പെട്ടു.

കേരളാ യൂത്ത്ഫ്രണ്ട്(എം) കോട്ടയം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച കേരള ബജറ്റ് അവലോകനവും സെമിനാറും ഉദ്ഘാടനം ചെയതു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് രാധാ.വി.നായർ മുഖ്യപ്രഭാഷണം നടത്തി. യൂത്ത് ഫ്രണ്ട് (എം) ജില്ലാ പ്രസിഡണ്ട് സജി മഞ്ഞക്കടമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പാർട്ടി സംസ്ഥാന ജനറൽ സെക്രട്ടറി പി.സി. ജോസഫ് എക്സ് എംഎൽഎ, സംസ്ഥാന പ്രസിഡണ്ട് അഡ്വ. ജോബ് മൈക്കിൾ, പാർട്ടി ജില്ലാ പ്രസിഡണ്ട് ഈ.ജെ. ആഗസ്തി, കെ.എ.അപ്പച്ചൻ, സണ്ണി തെക്കേടം, ജോസ് പുത്തൻകാല, അഡ്വ. അസിം ജസ്ബി, മൈക്കിൾ ജയിംസ്, ഷോൺ ജോർജ്, പ്രസാദ് ഉരുളിക്കുന്നം, ജോജി കുറത്തിയാടൻ, ഷാജി പാമ്പൂരി, പ്രിൻസ് ലൂക്കോസ്, സാജൻ തൊടുക, സാജൻ കുന്നത്ത്, സുമേഷ് ആൻഡ്രൂസ്, തോമസുകുട്ടി വട്ടേക്കാട്ട്, എബി പൊന്നാട്ട്, ബാബു മുക്കാല, സജി കെ.വർഗീസ്, ആന്റണി കളമ്പുകാടൻ, ബിജോയ് വാതല്ലൂർ, ജോർഡിൻ കിഴക്കേത്തലയ്ക്കൽ, സാബു കണിപറമ്പിൽ, ഷാജി പുളിമൂടൻ, പ്രവീൺ ഉള്ളാട്ട്, പ്രിൻസ് കുര്യത്ത്, റിജോ വാളാന്തറ എന്നിവർ പ്രസംഗിച്ചു. □

---

# സാമൂഹ്യസന്തുലനം ബജറ്റിന്റെ മുഖമുദ്ര

അഡ്വ.ടി.വി.ഏബ്രഹാം



സർവമേഖലകളിലും ക്ഷേമം ഉറപ്പുവരുത്തി സാമൂഹ്യസന്തുലനം പാലിച്ചു എന്നതാണു കെ. എം.മാണി അവതരിപ്പിച്ച ബജറ്റിന്റെ മുഖമുദ്രയെന്നു കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.ടി. വി.ഏബ്രഹാം അഭിപ്രായപ്പെട്ടു. യൂത്ത് ഫ്രണ്ട് (എം) പുതുപ്പള്ളി നിയോജകമണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ബജറ്റ് അവലോകനവും സെമിനാറും ഉദ്ഘാടനം ചെയ്തു. പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ജിജോ വരിക്കമുണ്ടയിൽ, കെ.ടി.ജോസഫ്, സജി മഞ്ഞക്കടമ്പിൽ, സാബു കണിപറമ്പിൽ ജോസഫ് ചാമക്കാല, സജി കെ.വർഗീസ്, സണ്ണി മാന്തറ, ജോർജ് വടക്കേക്കുറ്റ്, അനൂപ് കെ.ജോൺ, മാത്തുക്കുട്ടി ഞായർകുളം എന്നിവർ പ്രസംഗിച്ചു. □

# കെ. എം. മാണിയുടേതു ജനപക്ഷബജറ്റ്

## തോമസ് ഉണ്ണിയാടൻ എം. എൽ. എ



കേരളത്തിന്റെ വികസമുന്നേറ്റത്തിന് ഉതകുന്ന ജനക്ഷേമകരമായ ബജറ്റാണു ധനകാര്യമന്ത്രി കെ.എം.മാണി അവതരിപ്പിച്ചതെന്നും, ധവളപത്രത്തിലൂടെ ഇടതുപക്ഷ സർക്കാരിന്റെ പൊള്ളത്തരവും കേരളത്തിന്റെ യഥാർത്ഥ ധനസ്ഥിതിയും ജനങ്ങളുടെ മുന്നിൽ തുറന്നുകാണിക്കുന്നതിനു ധനകാര്യമന്ത്രിക്കു കഴിഞ്ഞുവെന്നും കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.തോമസ് ഉണ്ണിയാടൻ എം.എൽ.എ അഭിപ്രായപ്പെട്ടു. കൈപ്പറമ്പിൽ കേരളാ കോൺഗ്രസ് (എം) വടക്കാഞ്ചേരി നിയോജകമണ്ഡലം കൺവെൻഷനിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. തൃശ്ശൂർ മെഡിക്കൽ യൂണിവേഴ്സിറ്റിയുടെ നിർമാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണമെന്നു കൺവെൻഷൻ പ്രമേയം വഴി സർക്കാരിനോട് ആവശ്യപ്പെട്ടു. വടക്കാഞ്ചേരി നിയോജകമണ്ഡലം പ്രസിഡണ്ട് ജോണി ചിറ്റിലപ്പിള്ളി അധ്യക്ഷതവഹിച്ചു. ജില്ലാ പ്രസിഡണ്ട് എം.പി.പോളി കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

സംസ്ഥാന ജനറൽ സെക്രട്ടറി എ.എൽ.സെബാസ്റ്റ്യൻ, സി.വി.കുരിയാക്കോസ്, തോമസ് ആന്റണി, ഡോ.എ.വി.ജോർജ്, ജോർജ് പായപ്പൻ, സി.ടി.പോൾ, ജോൺസൺ കാഞ്ഞിരത്തിങ്കൽ, ഇട്ടിച്ചൻ തരകൻ, ടി.കെ.വർഗീസ്, ജോൺ ആടുപാറ, ജോസ് മുതുക്കാട്ടിൽ, അഡ്വ.പയസ്സ്, മാത്യു, കെ.ജെ.ജ്യോതി ടീച്ചർ, എം.കെ.മോഹനൻ, അഡ്വ.ജോഷി കുരിയാക്കോസ്, ലിസ്സ ഫ്രാൻസീസ്, കെ.ജെ.ജെയിംസ്, ആൻസൺ കെ.ഡേവീസ്, സജി കൊണ്ടിയാരത്ത്, സുധീർ പുഴങ്കര, പി.ഒ. ലോയിസ്, കെ.എൽ.ജോയി, സി.ജെ.സോണി, കെ.ടി.ഫ്രാൻസീസ്, തോമസ് ചിറമ്മൽ കെ.എസ്.ഫ്രാൻസീസ്, റോക്കി ആളൂക്കാരൻ, സി.ഐ.ഡോജു, ടി.പി.സന്തോഷ് എന്നിവർ പ്രസംഗിച്ചു. □

# കേന്ദ്രസർക്കാർ കർഷക അവഗണന അവസാനിപ്പിക്കണം

## കേരളാ കോൺഗ്രസ് (എം)



കേന്ദ്രസർക്കാർ കേരളത്തിലെ കർഷകരോടു കാണിക്കുന്ന അവഗണന അവസാനിപ്പിക്കണമെന്നു കേരളാ കോൺഗ്രസ് (എം) തൃശ്ശൂർ ജില്ലാ നേതൃത്വ ക്യാമ്പ് ആവശ്യപ്പെട്ടു.

കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി എ.എൽ.സെബാസ്റ്റ്യൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് എം.പി.പോളി അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ബാബു ജോസഫ് മുഖ്യപ്രഭാഷണം നടത്തി.

ബേബി മാത്യു കാവുങ്കൽ, സി.വി.കുരിയാക്കോസ്, സെബാസ്റ്റ്യൻ ചൂണ്ടൽ, എം.ടി.തോമസ്, ബേബി നെല്ലിക്കുഴി, അഡ്വ. സി.എ.ജോണി, ജോർജ് പായപ്പൻ, ഉണ്ണികൃഷ്ണൻ ഈച്ചരത്ത്, സി.പി. ജോസഫ്, ജോണി ചിറ്റിലപ്പിള്ളി, അഡ്വ.പി.ഐ.മാത്യു, കെ.ജെ.വെയിൽസ്, തോമസ് ചിറമ്മൽ, കെ.എസ്.ഫ്രാൻസിസ്, പി.കെ.രവി, കെ.സി.മിൽട്ടൺ, ഇ.എ.ജോയ്, പി.ആർ.തോമസ്, കെ.പി.ജോസഫ്, വർഗീസ് നായങ്കര, കെ.ഒ.വർഗീസ്, ടി.കെ. വർഗീസ്, ജോൺസൺ കാഞ്ഞിരത്തിങ്കൽ, തോമസ് ആന്റണി, ജോൺസൺ വരിക്കശ്ശേരി, പി.പി.ഹെൻട്രി, വിൽസൺ മുണ്ടൻമാണി, കെ.ജെ.തോമസ്, ഇട്ട്യേശൻ തരകൻ, സി.ടി.പോൾ, അഡ്വ.റോയ് ജോർജ്, ജോൺ ആടുപാറ, കെ.ജെ.ജോതി, കെ.വി.അജയൻ, പി.ഒ.ലോയിസ്, ടി.ഒ.വർഗീസ്, കെ.ജെ. ജെയിംസ്, പ്രൊഫ.സെബാസ്റ്റ്യൻ ജോസഫ്, റിന ജോയ്, എം.കെ.മോഹനൻ എന്നിവർ പ്രസംഗിച്ചു. □

# കേരള ബജറ്റും യുവജനങ്ങളും - സെമിനാർ

കേരളാ യൂത്ത്ഫ്രണ്ട് (എം) മാവേലിക്കര മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ "കേരള ബജറ്റും യുവജനങ്ങളും" സെമിനാർ യൂത്ത്ഫ്രണ്ട് (എം) സംസ്ഥാന ജനറൽ സെക്രട്ടറി ബിനു കെ.അലക്സ് ഉദ്ഘാടനം ചെയ്തു. ജസ്റ്റിൻരാജ്, ആർ.രഞ്ജിത്ത്, അനിൽ നമ്പോത്തിൽ, തോമസ് ഡി. കുറ്റിശ്ശേരിൽ, മാത്തുണ്ണി ജോർജ്, കെ. സി. ഡാനിയേൽ എന്നിവർ പ്രസംഗിച്ചു.



□

# ബാങ്കുകൾ ജനപക്ഷത്തു നില്ക്കണം

പ്രൊഫ. എം.ജെ.ജേക്കബ്



ദേശസാത്കൃത ബാങ്കുകൾ ജനപക്ഷത്തു നിന്നു പ്രവർത്തിക്കണമെന്നും റബർ കൃഷിയെ കാർഷിക വൃത്തിയാക്കി അംഗീകരിക്കാൻ കഴിയില്ലെന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിലപാട് അംഗീകരിക്കാനാവില്ലെന്നും കേരളാ കോൺഗ്രസ് (എം) സംസ്ഥാന ജനറൽ സെക്രട്ടറി പ്രൊഫ. എം.ജെ.ജേക്കബ് പറഞ്ഞു. കേരളാ കോൺഗ്രസ് (എം) ന്റെ നേതൃത്വത്തിൽ കല്പറ്റ എസ്ബിറ്റിക്കു മുമ്പിൽ നടത്തിയ ധർണ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

വയനാട് ജില്ലാ പ്രസിഡണ്ട് കെ.ജെ.ദേവസ്യ മുഖ്യ പ്രഭാഷണം നടത്തി. ജോസ് തലച്ചിറ, വി.ജോൺ ജോർജ്, എ.വി.മത്തായി, കെ.എ.ആന്റണി, കെ.വി.സണ്ണി, സെബാസ്റ്റ്യൻ ചാമക്കാല, ജോസഫ് കളപ്പുര, ജോസഫ് പൂതക്കുഴി, എ.ഇ.കുര്യൻ, റ്റി.എസ്.ജോർജ്, റ്റി.എൽ.സാബു, അഡ്വ.ജോർജ് വാതുപറമ്പിൽ, ഐ.സി.ചാക്കോ, സണ്ണി മാത്യു, അഷ്‌റഫ് പൂക്കയിൽ, കെ.ഐ.മാത്യു, കെ.പി.ജോസഫ്. പി.കെ. മാധവൻനായർ, കെ.കെ.ബേബി, ജോസ് വട്ടോലി, സി.എ.ചെറിയാൻ, ജെയിംസ് പനമരം, ബേബി പുളിമൂട്ടിൽ, കെ.സി.ചാണ്ടി, ബാബു കുറുച്ചേമഠം എന്നിവർ പ്രസംഗിച്ചു. □

# ബജറ്റ് വിശകലന യോഗം - രാമപുരം



കേരളാ കർഷകയൂണിയൻ (എം) രാമപുരം മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ബജറ്റ് വിശകലനയോഗം നടത്തി. അറുപതു വയസ്സു കഴിഞ്ഞ കർഷകരെ എല്ലാം പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയതു വഴി കെ.എം.മാണി തന്റെ ബജറ്റിനെ ചരിത്രത്തിന്റെ ഭാഗമാക്കി മാറ്റിയതായി യോഗം വിലയിരുത്തി.

മണ്ഡലം പ്രസിഡണ്ട് തോമസ് വള്ളോപ്പള്ളി അധ്യക്ഷത വഹിച്ചു. കർഷകയൂണിയൻ (എം) ജില്ലാ പ്രസിഡണ്ട് ജോയി നടയിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി കെ.പി.ജോസഫ് മുഖ്യപ്രഭാഷണം നടത്തി.

അഡ്വ.ജോസ് കണ്ടത്തിൽ, സക്കറിയാസ് വലവൂർ, തോമസ് നീലിയറ, അപ്പച്ചൻ പ്ലാശനാൽ, ബൈജു പുതിയിടത്തുചാലിൽ, വി.എ.ജോസ് ഉഴുന്നാലിൽ, മാത്തച്ചൻ പുതിയിടത്തുചാലിൽ, എം.എ.ജോസ് മണക്കാട്ട് മറ്റത്തിൽ, തോമസ് ഉഴുന്നാലിൽ, ജോയി കോലത്ത്, അപ്പച്ചൻ നെടുമ്പിള്ളിൽ എന്നിവർ പ്രസംഗിച്ചു. □

# പൂഞ്ഞാർ - പാലാ - ഏറ്റുമാനൂർ ഹൈവേ മെഡിക്കൽ കോളജുവരെ നീട്ടണം

യൂത്ത് ഫ്രണ്ട് (എം)

പൂഞ്ഞാർ-ഏറ്റുമാനൂർ സംസ്ഥാന ഹൈവേ അതിരമ്പുഴ വഴി കോട്ടയം മെഡിക്കൽ കോളജുവരെ നീട്ടണമെന്നു കേരളാ യൂത്ത് ഫ്രണ്ട് (എം) ജില്ലാക്കമ്മിറ്റി യോഗം സർക്കാരിനോടാവശ്യപ്പെട്ടു. ആയിരക്കണക്കിനു രോഗികൾ ചികിത്സ തേടിയെത്തുന്ന മെഡിക്കൽ കോളജിലേക്കും പഠനാവശ്യങ്ങൾക്കായി എം.ജി.യൂണിവേഴ്സിറ്റിയിലേക്കും ഉള്ള യാത്ര സുഗമമാക്കുന്നതിനും എം.സി.റോഡിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും പ്രസ്തുത പാതവഴി കഴിയുമെന്നും യോഗം അഭിപ്രായപ്പെട്ടു.

യൂത്ത് ഫ്രണ്ട് (എം) ജില്ലാ പ്രസിഡണ്ട് സജി മഞ്ഞക്കടമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം സംസ്ഥാന പ്രസിഡണ്ട് അഡ്വ.ജോബ് മൈക്കിൾ ഉദ്ഘാടനം ചെയ്തു. ജില്ലാ ഭാരവാഹികളായ പ്രസാദ് ഉരുളിക്കുന്നം, ജോയി ചെറുപുഷ്പം, ടോമി ഓമല്ലൂക്കാരൻ, ജെറ്റോ ജോസഫ്, ജോളി മടുക്കക്കുഴി, അജിത് മുതിരമല, ടിറ്റി ജോസ്, ജിജോ വരിക്കമുണ്ട, ജോജി കുറത്തിയാടൻ, ജയിംസ് പെരുമംകുന്നേൽ, സാബു കുന്നേൽ, കെ.ആർ.പ്രമോദ്കുമാർ, ജോമോൻ മാമലശ്ശേരിൽ, രാജൻ കുളങ്ങര, ജോബിഷ് തേനാടിക്കുളം, ജോയി സി.കാപ്പൻ, റെജി ആറാക്കൽ, ബിജു പാതിരുമല, അഭിലാഷ് മണിമല, ജിമ്മിച്ചൻ മണ്ഡപത്തിൽ, അനിൽ നായിപുരയിടം, ജിജോ കാവാലം, ബിജു തോമസ്, അൻസാരി പാലയം പറമ്പിൽ, ബിനോയി ചെമ്പകശ്ശേരിൽ എന്നിവർ പ്രസംഗിച്ചു. □

**പുസ്തകാവലോകനം**

# കാതലിൽ സ്പർശിക്കുന്ന വിമർശനം 3

പ്രൊഫ. എം.ആർ. ചന്ദ്രശേഖരൻ

*(പ്രശസ്ത വിദ്യാഭ്യാസ ചിന്തകനും വിമർശകനുമായ പ്രൊഫ. എം.ആർ. ചന്ദ്രശേഖരൻ (എം.ആർ.സി) ഡോ. കുര്യാസ് കുമ്പളക്കുഴിയുടെ 'സത്യത്തിന്റെ മുഖം' എന്ന ഗ്രന്ഥത്തെപ്പറ്റി സമയം മാസികയുടെ മെയ്-ജൂൺ ലക്കത്തിലെഴുതിയ വിമർശപഠനത്തിന്റെ അവസാനഭാഗം)*

ലോകനിലവാരമുള്ള യൂണിവേഴ്സിറ്റികൾ ഉണ്ടാക്കുന്നതിനെപ്പറ്റിയാണു ഡൽഹിയിൽ ആലോചന. യൂണിവേഴ്സിറ്റി കാര്യങ്ങൾ തറനിലവാരത്തിൽ ചർച്ചചെയ്യുകയും കൊണ്ടുനടക്കുകയാണു നാമിവിടെ ചെയ്യുന്നത്. യൂണിവേഴ്സിറ്റി എന്ന സ്ഥാപനത്തെ ഉന്നതനിലവാരത്തിൽ നിലനിർത്താൻ ബാധ്യസ്ഥനായ വൈസ്ചാൻസലർ കസേരപിടിക്കുന്നതു സേവപിടിച്ചും ഉപജാപങ്ങളിൽ ഏർപ്പെട്ടുമാണ്. ഡോ.കുര്യാസിന്റെ പുസ്തകത്തിൽ രണ്ടു വൈസ്ചാൻസലർമാരെ സംബന്ധിച്ചു തനിക്കുള്ള മതിപ്പ് അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിലേക്കു ശ്രദ്ധതിരിക്കാം. ഡോ.കുര്യാസ് എഴുതുന്നു:

അക്കാദമിക് കാര്യങ്ങളിൽ പറയത്തക്ക മികവൊന്നും ഉള്ളതായി തോന്നിയിരുന്നില്ലെങ്കിലും ഒരു നല്ല പ്രസംഗകനായിരുന്നു സിറിയക് തോമസ്.

മുഖസ്തുതി ഒരു കലയാണെങ്കിൽ അതിൽ അദ്ദേഹത്തെ വെല്ലുന്ന മറ്റൊരു കലാകാരനുണ്ടാകുമോ എന്നു സംശയം. തനിക്കു താത്പര്യമുള്ള ആളെ പ്രശംസാവചനങ്ങൾകൊണ്ടു വാനോളം ഉയർത്താനുള്ള അസാധാരണ വൈഗദ്ധ്യം അദ്ദേഹത്തിനു സ്വന്തമാണ്. സംസ്ഥാന മന്ത്രിയെന്ന നിലയിൽ അനുമോദിക്കുമ്പോൾ. പി.ജെ.ജോസഫിനു കേരളത്തിന്റെ മുഖ്യമന്ത്രിയാകാൻ എന്തയോഗ്യതയാണുള്ളത്'? എന്നദ്ദേഹം ചോദിക്കയാണെങ്കിൽ ജോസഫിന്റെ അനുയായികൾ അറഞ്ഞു കൈയടിക്കും എന്ന കാര്യത്തിൽ സംശയമില്ല. ഇതേ നാവുകൊണ്ടു തന്നെ, കേന്ദ്രമന്ത്രിയായ ഒ.രാജഗോപാലിനു പ്രശംസചൊരിയുന്നതിനിടയിൽ, 'രാജേട്ടന് ഇന്ത്യയുടെ പ്രധാനമന്ത്രിയാകാൻ എന്തയോഗ്യതയാണുള്ളത്? എന്നുകൂടി ആവേശത്തോടെ ചോദിക്കുമെന്നു കരുതുക. രാജഗോപാലിന്റെ അനുയായികൾക്കു കൈയടിക്കാതിരിക്കാനാവുമോ? ഇത്തരം സന്ദർഭങ്ങൾ മനസ്സിൽ കിടക്കുന്നതുകൊണ്ടാകാം അദ്ദേഹത്തെ കാണുമ്പോഴൊക്കെ ഇരട്ടമുഖമുള്ള ഒരാളുടെ ചിത്രമാണ് എന്റെ മനസ്സിൽ തെളിഞ്ഞിരുന്നത്. *(പുറം 71,72).*

രണ്ടു വൈസ് ചാൻസലർമാരെപ്പറ്റിയാണു ഡോ.കുര്യാസ് തന്റെ പുസ്തകത്തിൽ




പറഞ്ഞിട്ടുള്ളത്. ചുരുക്കം ചില കാര്യങ്ങൾ മാത്രമാണ് അതിൽ നിന്ന് ഈ ലേഖനത്തിൽ ഉദ്ധരിക്കുന്നത്. ഡോ. കുര്യാസ് എഴുതുന്നു:

**അധികാരത്തിന്റെ ലഹരി**

അധികാരം മനുഷ്യനെ ലഹരിപിടിപ്പിക്കും എന്നു പറയാറുണ്ടല്ലോ. ബഹുഭൂരിപക്ഷം പേരെ സംബന്ധിച്ചും ഇതു നൂറുശതമാനം ശരിയാണ്. അതുവരെ സുഹൃത്തുക്കളും സഹപ്രവർത്തകരുമായിരുന്ന ആളുകളെ അവർ മറന്നുപോകുന്നു.

എല്ലാവരും തന്റെ ആജ്ഞാനുവർത്തികൾ മാത്രമായിരിക്കണം എന്നവർ ആഗ്രഹിക്കുന്നു. മറ്റുള്ളവരെ വേദനിപ്പിക്കുന്ന രീതിയിൽ അധികാരം പ്രയോഗിക്കുന്നതിലാണു ചിലർക്കു താത്പര്യം.

രാജശേഖരൻ പിള്ള നല്ലൊരധ്യാപകനും ശാസ്ത്രഗവേഷകനുമായിരുന്നു. പക്ഷേ, വി.സി ആയതോടെ അദ്ദേഹത്തിന്റെ താത്പര്യങ്ങൾതന്നെ തകിടം മറിഞ്ഞു. പ്രശസ്തിക്കും പ്രാമാണ്യത്തിനും വേണ്ടി അദ്ദേഹം നെട്ടോട്ടമോടുന്ന കാഴ്ച കണ്ടു പലരും അമ്പരന്നു. രാഷ്ട്രീയക്കാരെ കടത്തിവെട്ടുന്ന രീതിയിൽ പൊതുപരിപാടികളിൽ പങ്കെടുക്കാൻ ആവേശം. നല്ലൊരു ശാസ്ത്രജ്ഞനായി വളർന്നു വന്നേക്കും എന്നു ഞാൻ പ്രതീക്ഷിച്ച രാജശേഖരൻ പിള്ള മുന്തിയ ബ്യൂറോ ക്രാറ്റുകളിലൊരാളായി ചേരിതിരിഞ്ഞുപോയി. *(പുറം 73)*

വൈസ് ചാൻസലറായ ഡോ.സിറിയക് തോമസിന്റെ കഥ ഡോ.കുര്യാസ് നീട്ടി എഴുതിയിട്ടുണ്ട്. അതിൽ ചില ഭാഗങ്ങളാണിനി ഉദ്ധരിക്കാൻ പോകുന്നത്.

നാട്ടുകാരനും സുഹൃത്തുമായ ഒരാൾ വൈസ് ചാൻസലറായി വരുന്നതിൽ ആദ്യം സന്തോഷമാണു തോന്നിയത്. സിൻഡിക്കേറ്റിലെത്തിയപ്പോൾ അദ്ദേഹവുമായി പരമാവധി സഹകരിച്ചു പ്രവർത്തിക്കാൻ ശ്രമിച്ചു. പക്ഷേ, ആവശ്യമില്ല എന്ന മട്ടായിരുന്നു അദ്ദേഹത്തിന്.

മാത്രവുമല്ല എന്നോടു പൂർവപരിചയമുള്ള ഒരാളെന്ന ഭാവം പോലും പ്രകടിപ്പിച്ചില്ല. എന്നെ കാണുന്നതുതന്നെ ഇഷ്ടമല്ല എന്നു തോന്നിക്കുന്നതായിരുന്നു ശരീരഭാഷയും പ്രതികരണങ്ങളും.

മുകളിൽ പറഞ്ഞതിനെ ഗ്രന്ഥകാരന്റെ വ്യക്തിഗതമായ ഇഷ്ടാനിഷ്ടങ്ങളുടെ വിഭാഗത്തിൽപെടുത്തി അവഗണിക്കാം. അതിനു സാമൂഹികമായ പ്രാധാന്യം ഇല്ല. വൈസ്ചാൻസലർ ഡോ.സിറിയക് തോമസിന്റെ നടപടികളും തീരുമാനങ്ങളും നമ്മുടെ ഉപരിവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടതെന്ന നിലയിൽ സാമൂഹികമായ പ്രാധാന്യമുള്ളതാണ്. അതിന്റെ ചില വശങ്ങളാണിനി എടുത്തുകാട്ടാൻ ഉദ്ദേശിക്കുന്നത്.

## കബളിപ്പിക്കൽ

ഡോ. കുര്യാസ് എഴുതുന്നു:

സിൻഡിക്കേറ്റിന്റെ ആദ്യ മീറ്റിംഗിന്റെ മിനിട്സിൽ തന്നെ സിൻഡിക്കേറ്റിനെ കബളിപ്പിക്കാനുള്ള വൈസ്ചാൻസലറുടെ തന്ത്രം വെളിപ്പെട്ടു. സിൻഡിക്കേറ്റ് നിലവിലില്ലാത്തപ്പോൾ സിൻഡിക്കേറ്റിന്റെ അധികാരം കൂടി വൈസ്ചാൻസലർക്ക് വിനിയോഗിക്കാം എന്നുണ്ട്. അതുപയോഗിച്ച്, മുൻ സിൻഡിക്കേറ്റിന്റെയും പിൻ സിൻഡിക്കേറ്റിന്റെയും (?) ഇടവേളയിൽ വി.സി. ചില നിയമനങ്ങൾ നടത്തിയിരുന്നു. ഡിസ്റ്റൻസ് എജുക്കേഷനിൽ ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതരായ ചിലർ വി.സി.യുടെ ശിഷ്യരോ മറ്റോ ആയിരുന്നു. അതേതുമാകട്ടെ, നിയമന വിവരം തൊട്ടടുത്ത സിൻഡിക്കേറ്റ് മീറ്റിംഗിൽ സമർപ്പിച്ച് അംഗീകാരം നേടണമെന്നാണു വ്യവസ്ഥ. പക്ഷേ, 2002 ജനുവരി 19നു ചേർന്ന പ്രഥമ സിൻഡിക്കേറ്റു യോഗത്തിൽ ഇക്കാര്യം ചർച്ചയ്ക്കുവന്നില്ല. എന്നാൽ, മീറ്റിംഗിന്റെ മിനിട്സ് വന്നപ്പോൾ ഈ നിയമങ്ങൾ സിൻഡിക്കേറ്റ് അംഗീകരിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു!

ഡോ.കുര്യാസ് തുടരുന്നു:

ഇങ്ങനെ സിൻഡിക്കേറ്റിനെ കബളിപ്പിച്ചു ചില വൈസ് ചാൻസലർമാർ തങ്ങൾക്കു താത്പര്യമുള്ള ചില വിഷയങ്ങൾ പാസ്സാക്കിയെടുക്കാറുണ്ടെന്നു ഞാൻ നേരത്തെ കേട്ടിരുന്നു. ഏതായാലും മാർച്ച് 23നു ചേർന്ന അടുത്ത യോഗത്തിൽ ഞാനിക്കാര്യം ഉന്നയിച്ചു. പെട്ടെന്നു വി.സി. വല്ലാതെ ക്ഷുഭിതനായി. അദ്ദേഹത്തിന്റെ ഇന്റഗ്രിറ്റി ഞാൻ ചോദ്യംചെയ്യുകയാണെന്നും ഇത്രയും ഉന്നതമായ ഒരു സമിതിയിലെ മെമ്പറുടെ ഭാഗത്തുനിന്ന് ഇത്തരം ഹീനമായ ആരോപണങ്ങൾ ഉണ്ടാകാൻ പാടില്ലാത്തതാണെന്നും അദ്ദേഹം കലിതുള്ളിപ്പറഞ്ഞു. തുടർന്ന്, ഫയൽ വിളിപ്പിച്ച് അതിലെ ഉള്ളടക്കം വായിച്ചു കേൾപ്പിച്ചു. ഞാൻ പറയുന്നതു വസ്തുതാവിരുദ്ധമാണെന്നു തെളിയിക്കാനും ശ്രമിച്ചു. അപ്പോൾ സിൻഡിക്കേറ്റിലെ ഏറ്റവും മുതിർന്ന അംഗം പ്രൊഫ.ജി.സത്യൻ, ആ പേരുകളൊന്നും വായിച്ചതായി ഓർക്കുന്നില്ലല്ലോ എന്നു സത്യസന്ധമായി പ്രതികരിച്ചു. അതോടെ വൈസ്ചാൻസലർ കാറ്റുപോയ ബലൂൺ പോലെ ചുരുങ്ങി. എല്ലാവർക്കും വസ്തുതയുടെ നിജസ്ഥിതി ബോധ്യമാവുകയും ചെയ്തു. *(പുറം 74).*

## അധികാര ദുർവിനിയോഗം

അനധികൃതമായ നടപടികൾ കൈക്കൊണ്ട് അവതാളത്തിൽപെട്ട ഒരു സംഭവവുമുണ്ടു സിറിയക് തോമസിന്റെ യൂണിവേഴ്സിറ്റി ഭരണത്തിൽ.

യൂണിവേഴ്സിറ്റിയിലെ ഗാന്ധിയൻ സ്റ്റഡീസ് എന്ന വകുപ്പിന്റെ ഡയറക്ടർ ആയിരുന്ന ഡോ.ആന്റണി ചിറപ്പണത്തിന്റെ പേരിൽ വി.സി. കൈക്കൊണ്ട നടപടികൾ സിൻഡിക്കേറ്റ് ശരിവച്ചില്ല. വൈസ് ചാൻസലറുടെ നടപടികൾ റദ്ദാക്കിക്കൊണ്ടുള്ള ഒരു കോടതിവിധിയും ഉണ്ടായി. തെളിയിക്കപ്പെട്ട അധികാര ദുർവിനിയോഗമാണു വൈസ്ചാൻസലറുടെ ഭാഗത്തുണ്ടായത്. വൈസ് ചാൻസലർക്ക് പദവി നഷ്ടപ്പെടാൻ പര്യാപ്തമായ ഒരു കേസായിരുന്നു അത്. എന്നാൽ, ആരും അക്കാര്യം ഉന്നയിക്കുക ഉണ്ടായില്ല. *(പുറം 76-78).*

> **കേന്ദ്രമന്ത്രിയായ ഒ.രാജഗോപാലിനു പ്രശംസ ചൊരിയുന്നതിനിടയിൽ, രാജേട്ടന് ഇന്ത്യയുടെ പ്രധാനമന്ത്രിയാകാൻ എന്തയോഗ്യതയാണുള്ളത്? എന്നുകൂടി ആവേശം പറഞ്ഞു ചോദിക്കുമെന്നു കരുതുക. രാജഗോപാലിന്റെ അനുയായികൾക്കു കൈയടിക്കാതിരിക്കാനാവുമോ? ഇത്തരം സന്ദർഭങ്ങൾ മനസ്സിൽ കിടക്കുന്നതുകൊണ്ടാകാം അദ്ദേഹത്തെ കാണുമ്പോഴൊക്കെ ഇരട്ടമുഖമുള്ള ഒരാളുടെ ചിത്രമാണ് എന്റെ മനസ്സിൽ തെളിഞ്ഞിരുന്നത്.**

യൂണിവേഴ്സിറ്റി സംവിധാനത്തിൽ വൈസ് ചാൻസലർക്കു വളരെ അധികാരങ്ങളുണ്ട്. എന്നാൽ, സിൻഡിക്കേറ്റിന്റെയും സെനറ്റിന്റെയും അഭിപ്രായങ്ങളെ മാനിച്ചുകൊണ്ടേ വൈസ് ചാൻസലർക്ക് അധികാരങ്ങൾ ഉപയോഗപ്പെടുത്താനാകൂ. അമേരിക്കയിൽ പ്രസിഡണ്ടിന് വളരെ അധികാരങ്ങൾ ഉണ്ട്. എന്നാൽ, സെനറ്റിനെയും കോൺഗ്രസിനെയും വകവയ്ക്കാതെ ഭരണകാര്യങ്ങൾ നിർവഹിക്കാൻ പ്രസിഡണ്ടിനാവില്ല. എം.ജി.യൂണിവേഴ്സിറ്റിയിൽ, സിറിയക് തോമസ് ഒരേ കാധിപതിയായി വാഴാൻ ശ്രമിച്ചെന്നാണു ഡോ. കുര്യാസിന്റെ ആത്മകഥയിൽ വിവരിച്ച സംഭവങ്ങളിൽ നിന്നു മനസ്സിലാവുന്നത്. താഴെ ചേർക്കുന്ന ഭാഗം ശ്രദ്ധിക്കുക.

ഇത്രയുമായപ്പോഴേക്കും സർവകലാശാലയിലെ കാര്യങ്ങൾ ആകെ അസ്വാസ്ഥ്യം നിറഞ്ഞതായി. ജൂലൈ 20നു നടന്ന സിൻഡിക്കേറ്റ് യോഗത്തിനുശേഷം സിറിയക് തോമസ് പടിയിറങ്ങിയ നവംബർ പകുതി വരെ (3 മാസം) സിൻഡിക്കേറ്റ് മീറ്റിംഗുകൾ നടക്കുകയുണ്ടായില്ല. ഒരു യാത്രയയപ്പു പോലും കൊടുക്കാനും സ്വീകരിക്കാനും ആവാത്ത വിധത്തിൽ സിൻഡിക്കേറ്റും അദ്ദേഹവും തമ്മിൽ അകന്നു പോയിരുന്നു.

## മാന്യതയും മര്യാദയും

അക്കാദമിക് മാന്യതയും മര്യാദയും സർവകലാശാലകളിൽ നിന്നു തിരോഭവിച്ചിരിക്കുന്നു. സിറിയക് തോമസ് യൂണിവേഴ്സിറ്റിയിലെ വൈസ് ചാൻസലർ പദവിയിൽ നിന്നു പിരിഞ്ഞുപോകുമ്പോൾ അതിനെ ചിലർ ആഘോഷിച്ചതു 'പെരുംകള്ളൻ' എന്ന ബോർഡ് വെച്ചാണ്. ഡോ. ഫാദർ ചിറപ്പണത്ത് റിട്ടയർ ചെയ്തപ്പോഴും അതിനെ ബോർഡ് വെച്ച് ആഘോഷിച്ചിരുന്നു. 'കള്ളൻ പടിയിറങ്ങുന്നു' എന്നാണു ബോർഡിൽ എഴുതിയിരുന്നത്.

ഡോ.കുര്യാസ് തന്റെ ഒരനുഭവത്തെപ്പറ്റി പറയുന്നുണ്ട്. അദ്ദേഹത്തിന്റെ വാക്കുകൾ.

ആ ദിവസങ്ങളിൽ സർവകലാശാല കവാടത്തിൽ എസ്.എഫ്.ഐ വിദ്യാർത്ഥികളുടെ ഒരു സമരം നടക്കുന്നുണ്ടായിരുന്നു. തൊടുപുഴ യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളജിലെ ചില പ്രശ്നങ്ങളാണു കാരണം. അതേപ്പറ്റി ചർച്ചചെയ്തു തീരുമാനമുണ്ടാക്കാൻ ഒരു പ്രത്യേക യോഗം കൂടണമെന്നും പ്രശ്നം നീട്ടിക്കൊണ്ടുപോകാതെ പരിഹരിക്കാൻ ശ്രമിക്കണമെന്നും തലേദിവസം വി.സി.യുടെ ചേമ്പറിൽ നടന്ന അനൗപചാരിക ചർച്ചയിൽ ഞാൻ നിർദ്ദേശിക്കുകയും അതിനായി അടുത്ത ദിവസം തന്നെ ബന്ധപ്പെട്ടവരുടെ യോഗം വിളിക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നതാണ്. കൺട്രോളറുടെ ഓഫീസിൽ നിന്നിറങ്ങി കാറിൽ ഞാൻ കവാടത്തിലെത്തിയതും കുറെ കുട്ടികൾ അലറിവിളിച്ചുകൊണ്ട് എന്റെ കാറിനു മുമ്പിൽ ചാടിവീണു. കാറിന്റെ വൈപ്പറുകൾ വലിച്ചു പറിച്ചു കാറിൽ അടിക്കുന്നു, ചവിട്ടുന്നു, തൊഴിക്കുന്നു. ആരോ ഒരാൾ ഡ്രൈവറുടെ കയ്യിൽ നിന്നു വണ്ടിയുടെ കീ ബലമായി വാങ്ങി. ഞാനിരുന്ന ഭാഗത്തെ ചില്ലു താഴ്ത്തി എന്താണു കാര്യം എന്നു ചോദിക്കാൻ ഒരുങ്ങിയ എന്റെ നേരെ ഒരുത്തൻ മുഷ്ടി ചുരുട്ടിയെത്തി, എന്റെ കണ്ണട എടുത്തു വലിച്ചെറിഞ്ഞു. ഈ സമയത്തു മറ്റൊരാൾ ഒരു കുപ്പിയിൽ നിന്ന് എന്തോ ദ്രാവകം എന്റെ മുഖത്തൊഴിക്കുകയും ചെയ്തു. ഭാഗ്യത്തിനു കണ്ണിൽ വീണില്ല.

ഞാൻ കാറിൽ നിന്നു വെളിയിലിറങ്ങി വഴിയിൽ കുത്തിയിരുന്നു. മഴ ചാറുന്നുണ്ടായിരുന്നു. സീറ്റിൽ കിടന്ന ഒരു ടർക്കിയെടുത്തു തലയിൽകെട്ടി. അപ്പോഴേക്കും ആളുകൾ ഓടിക്കൂടി. കുട്ടികൾ സമരപ്പന്തലിലേക്കു മടങ്ങി. മുദ്രാവാക്യം വിളി തുടർന്നു.

'എടാ സിൻഡിക്കേറ്റു മെമ്പറേ, കള്ളാ, ഏറ്റു പോടാ, നിന്റെ പേരു കേട്ടാൽ വീരപ്പൻ പോലും നാണിച്ചുപോകുമല്ലോ' എന്നൊക്കെയാണു വിളികൾ *( പുറം 89,90).*

സിൻഡിക്കേറ്റിൽ ഒരു ടേം കൂടി തുടരാൻ നിർദ്ദേശമുണ്ടായി. ഡോ.കുര്യാസ് ആ നിർദ്ദേശത്തോടു യോജിച്ചില്ല. ഒരു ടേം കൂടി തുടരാൻ മാത്രമുള്ള മഹത്വം ആ പദവിക്കില്ലെന്നാണു ഞാൻ കാരണം പറഞ്ഞത്. *(പുറം 91).*

**മഹത്വത്തിന്റെ അഭാവം**

സിൻഡിക്കേറ്റ് അംഗത്വത്തിനു മാത്രമല്ല, സിൻഡിക്കേറ്റിനുമില്ല മഹത്വം. വൈസ്ചാൻസലർക്കുമില്ല. ഒരു രണ്ടാം ടേം ഗവൺമെണ്ട് വാഗ്ദാനം ചെയ്തപ്പോൾ വേണ്ട എന്നു പറഞ്ഞൊഴിഞ്ഞു, ഒരു വൈസ് ചാൻസലർ. പാർട്ടിയാൽ നിയുക്തനായ പ്രൈവറ്റ് സെക്രട്ടറിയ്ക്കു കീഴ്പ്പെട്ടു പ്രവർത്തിക്കാൻ വയ്യെന്നതുകൊണ്ടാണു പ്രസ്തുത വൈസ്ചാൻസലർ അഭികാമ്യമായ പദവി ഉപേക്ഷിച്ചത്. പ്രൈവറ്റ് സെക്രട്ടറിമാർക്കു കീഴ്പ്പെട്ടു പദവിയിലിരിക്കുന്ന വൈസ് ചാൻസലർ കേരളത്തിൽ ഒന്നല്ല, രണ്ടല്ല, പലതാണ്. യൂണിവേഴ്സിറ്റികളിൽ മിനിസ്റ്റീരിയൽ വിഭാഗം പ്രബലമാണ്. ഫാക്കൽട്ടി ദുർബലം. തെങ്ങുകൃഷിക്കാർ തോട്ടത്തിൽ അന്നന്നു വിത്തുപാവും, ആവശ്യമാകുമ്പോൾ പറിച്ചുനടാൻ. തെങ്ങിൻതോട്ടം വേറെ, പാവി മുളപ്പിക്കുന്ന തെങ്ങിൻ തൈകൾ വേറെ. തെങ്ങിൻ തോട്ടത്തിലെ തൈവളർത്തൽ പോലെ അപ്രധാനവും അവഗണിതവുമാണു യൂണിവേഴ്സിറ്റികളിലെ ടീച്ചിംഗ് റിസർച്ച് വകുപ്പുകൾ.

ഡോ.കുര്യാസ് എഴുതുന്നു:

നമ്മുടെ എല്ലാ സർവകലാശാലകളിലും രാഷ്ട്രീയ തിമിരം ബാധിച്ച ജീവനക്കാരുടെ ഒരു പടയുണ്ടാകും . അതു സംഘടനയുടെ (രാഷ്ട്രീയ സംഘടനകളുടെ-ലേ) ചാവേർ സംഘമാണ്. അധികാരികൾക്കെതിരെ ആക്ഷേപകരമായ മുദ്രാവാക്യങ്ങൾ മുഴക്കുക, വേണ്ടിവന്നാൽ കൈക്രിയയ്ക്കും മടികാണിക്കാതിരിക്കുക, ഉപകരണങ്ങൾ തല്ലിപ്പൊളിക്കുക, അധികാരികളുടെ മുറിയിലേക്ക് ഇടിച്ചുകയറുക തുടങ്ങിയ കലാപരിപാടികളെല്ലാം ഇവരാണവതരിപ്പിക്കുക. മഹാത്മാഗാന്ധി സർവകലാശാലയിലും അതിനു മാറ്റമില്ല. പേരിൽ ഗാന്ധിയുണ്ടായിട്ടെന്തു കാര്യം! *(പുറം)*

**പരിതാപകരമായ അവസ്ഥ**

അധികാരികളുടെ മുറികളിലേക്ക് ഇടിച്ചുകയറുന്നതിനെപ്പറ്റി ഡോ.കുര്യാസ് പറഞ്ഞല്ലോ. അദ്ദേഹം പറയാതെവിട്ടത്, സിൻഡിക്കേറ്റ് യോഗം നടക്കുന്ന ചേമ്പറിലേക്കു സംഘടനക്കാർ വാതിൽ ചവിട്ടിത്തുറന്നു കയറി ഘെരാവോ നടത്തുന്നതിനെപ്പറ്റിയാണ്. വൈസ് ചാൻസലർ ക്വാർട്ടേഴ്സിലേക്കു കാറിൽ പോകുന്നു. വഴിയിൽ കാർ തടഞ്ഞു. വൈസ്ചാൻസലറെ ഇറക്കിവിടുന്നു.

ഉച്ചവെയിലിൽ വീട്ടിലേക്കു നടക്കുന്ന വി.സി.യുടെ പരിതാപകരമായ അവസ്ഥയെപ്പറ്റി ചിന്തിക്കുക. ഒരു വൈസ്ചാൻസലറുടെ ഔദ്യോഗിക ഭവനത്തിൽ കൈനീട്ടി നില്ക്കുന്ന ഒരു പെൺപ്രതിമ ഉണ്ടായിരുന്നു. ഔദ്യോഗിക ഭവനം നിർമിച്ചപ്പോൾ പണ്ടാരോ ഉണ്ടാക്കിവെച്ചതാണത്. ഔദ്യോഗിക ഭവനത്തിൽ ചില്ലറ ജോലികൾ ചെയ്യാൻ ചെന്ന ജീവനക്കാരിൽ ഒരുവൻ പ്രതിമയുടെ കൈ വെട്ടി വീഴ്ത്തി. വി.സി. ഓഫീസിലായിരുന്നു. സംഭവം കണ്ടിട്ടു വി.സി.യുടെ പത്നി ചോദിച്ചു. എന്തിനാണതു ചെയ്തത്? ''കൈ വേണ്ടെന്നു തോന്നി" ജീവനക്കാരൻ!

**സംഘടനയുടെ കുട**

എന്തഹമ്മതിയുമാവാം, യൂണിവേഴ്സിറ്റിയിലെ സംഘടിത ജീവനക്കാർക്ക് എന്നതാണു നില.

ചോദിക്കാനാളില്ല. ചോദിച്ചിട്ടും കാര്യമില്ല. തോന്നുമ്പോൾ വരും, തോന്നുമ്പോൾ പോകും. സംഘടനയുടെ കുടക്കീഴിൽ അവർക്കു സംരക്ഷണമുണ്ട്. സംഘടിത വിദ്യാർത്ഥി വിഭാഗത്തെ പേടിച്ചു കേരളത്തിൽ സംയുക്ത യൂണിവേഴ്സിറ്റി ബിൽ, ഒന്നല്ല രണ്ടെണ്ണം പാതിവഴിക്ക് ഉപേക്ഷിക്കപ്പെട്ടു. ഹിന്ദു പത്രത്തിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിന്റെ തലക്കെട്ട് 'അധ്യാപകർ പ്രതിക്കൂട്ടിൽ' എന്നായിരുന്നു.

നമ്മുടെ വിദ്യാഭ്യാസത്തിന്റെ യൂണിവേഴ്സിറ്റി തലത്തെപ്പറ്റി ഉള്ളിൽ നിന്നുള്ള ഒരു റിപ്പോർട്ട് ആയിട്ടാണു ഡോ. കുര്യാസിന്റെ സ്മരണകൾ ഉൾക്കൊള്ളുന്ന സത്യത്തിന്റെ മുഖം എന്ന ഗ്രന്ഥത്തെ ഞാൻ കണ്ടത്. ഉപരി വിദ്യാഭ്യാസ കാര്യങ്ങളെപ്പറ്റിയുള്ള ഒരു വിമർശനം. ആ നിലയിൽ വിലപ്പെട്ട ഒരു രേഖയാണ്, ഈ പുസ്തകം.

The consumer is king എന്നതു വാണിജ്യകേരളത്തിലെ ഒരു ചൊല്ലാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ The people is king എന്നതാണ് ഇന്നത്തെ നിയമം. വിദ്യാർത്ഥിയെ തൊട്ടുകളിക്കല്ലേ എന്നു വിദ്യാർത്ഥിസംഘടനകൾ. കലാലയാധികാരികൾ വിദ്യാർത്ഥികളെ പേടിക്കുന്നു. പോലീസും പേടിക്കുന്നു. വിദ്യാർത്ഥി സംഘടനയുണ്ട്. സംഘടനയ്ക്കു പിറകിൽ രാഷ്ട്രീയ സംഘടന ഉണ്ട്.

മുകളിൽ പറഞ്ഞ ലേഖനത്തിലെ ഒരു വാക്യം ഉദ്ധരിക്കുന്നു. Passionate teachers have been converted in to indifferent teachers. ഉത്സാഹവും വിഷയപരിജ്ഞാനവുമുള്ള അധ്യാപകർ പിന്നെപ്പിന്നെ ഉദാസീനരായിത്തീരുന്നു. ബജറ്റിൽ വൻതുക വിദ്യാഭ്യാസത്തിന്, നാടുനീളെ വൻ ഇടപാടുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പലവക കൺസെഷനുകൾ വിദ്യാർത്ഥികൾക്ക്, തുച്ഛമായ ചാർജിൽ യാത്രാസൗകര്യം, കലാലയങ്ങളിൽ അധ്യാപകർക്കും അധ്യാപകേതര സ്റ്റാഫിനും ശമ്പള വർധന, റിട്ടയർമെണ്ടിൽ പെൻഷൻ-നമ്മുടെ വിദ്യാഭ്യാസ സാമ്രാജ്യത്തെപ്പറ്റി ഐതിഹാസികം എന്നാണു പറയേണ്ടത്.

പക്ഷേ, പഴയ ചൊല്ലു "വൃക്ഷത്തെ ഫലം കൊണ്ടറിയണം" എന്നാണല്ലോ. കേരളത്തിലെ സർവകലാശാലകളിൽ പലവകുപ്പിലും പെൺകുട്ടികൾ ആണു മഹാഭൂരിപക്ഷം. അതെന്തുകൊണ്ട്? അവരേ പഠിപ്പിൽ ശ്രദ്ധ പതിപ്പിക്കുന്നുള്ളൂ. ആൺ കോളജുകളും മിശ്ര കോളജുകളും പൂട്ടിയിട്ടാലും വിദ്യാഭ്യാസ മേഖലയുടെ നേട്ടത്തിൽ കുറവുണ്ടാവില്ല.

**വിലപ്പെട്ട രേഖ**

ഇന്ത്യയിലെ സർവകലാശാലകൾ ലോകോത്തരങ്ങളാകണമെന്നാണ് അധികൃതർ ആഗ്രഹിക്കുന്നത്. കലാശാലകൾക്കില്ലെങ്കിലും ഇന്ത്യയിൽ വിദ്യാഭ്യാസത്തിനു ഭാഗികമായി ലോകനിലവാരമുണ്ട്. അമേരിക്കയിൽ ബിരുദപഠനത്തിനു ചേർന്ന ഇന്ത്യൻ വിദ്യാർത്ഥികളുടെ സംഖ്യയിൽ 7 ശതമാനത്തിന്റെ വളർച്ച ഇക്കൊല്ലമുണ്ടായതായിട്ടാണ് ഒരു റിപ്പോർട്ടിൽ കണ്ടത്.

നമ്മുടെ വിദ്യാഭ്യാസത്തിന്റെ യൂണിവേഴ്സിറ്റി തലത്തെപ്പറ്റി ഉള്ളിൽ നിന്നുള്ള ഒരു റിപ്പോർട്ട് ആയിട്ടാണു ഡോ.കുര്യാസിന്റെ സ്മരണകൾ ഉൾക്കൊള്ളുന്ന സത്യത്തിന്റെ മുഖം എന്ന ഗ്രന്ഥത്തെ ഞാൻ കണ്ടത്. ഉപരി വിദ്യാഭ്യാസ കാര്യങ്ങളെപ്പറ്റിയുള്ള ഒരു വിമർശനം. ആ നിലയിൽ വിലപ്പെട്ട ഒരു രേഖയാണ്, ഈ പുസ്തകം. *(അവസാനിച്ചു)*




# ന്യൂസ് ഡയറി

(10-16 സെപ്റ്റംബർ 2011)

പി.ആർ.

**9.** പ്രമുഖ വ്യവസായിയും ഈസ്റ്റേൺ ഗ്രൂപ്പിന്റെ ഉടമയുമായ എം.ഇ.മീരാൻ (71) അന്തരിച്ചു.



- കേരളത്തിന്റെ പുതിയ ഗവർണറായി എം.ഒ.എച്ച് ഫാറൂഖ് രാജ്ഭവനിൽ നടന്ന ചടങ്ങിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.



**10.** പാമോലിൻ കേസിൽ ഉമ്മൻചാണ്ടിയെ പ്രതിയാക്കാൻ തിരുവനന്തപുരം വിജിലൻസ് കോടതി ജഡ്ജി ബോധപൂർവം ശ്രമിക്കുന്നതായി ചൂണ്ടിക്കാട്ടി ഗവൺമെണ്ട് ചീഫ് വിപ്പ് പി.സി.ജോർജ് രാഷ്ട്രപതിക്കും സുപ്രീം കോടതി ചീഫ്ജസ്റ്റിസിനും പരാതി നല്കി.

- നാനോ എക്സൽ തട്ടിപ്പുകേസിലെ മുഖ്യപ്രതിയും കമ്പനി എംഡിയുമായ ഡോ.ഹരീഷ് മദനേനിയെ (41) തൃശൂർ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി സെപ്റ്റംബർ 24 വരെ റിമാൻഡു ചെയ്തു.

**11.** ശ്രീനാരായണഗുരുദേവന്റെ 157-ാമതു ജയന്തിദിനം സംസ്ഥാനമൊട്ടുക്ക് ആചരിച്ചു.



- ഓണം പൂജകൾ പൂർത്തിയാക്കി ശബരിമല ക്ഷേത്രനട അടച്ചു.

**12.** യു.ഡി.എഫ് സർക്കാരിന്റെ നൂറുദിന കർമപരിപാടിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച 107 പദ്ധതികളിൽ 101 എണ്ണം യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞതായി മുഖ്യമന്ത്രി ഉമ്മൻചാണ്ടി.

- സംസ്ഥാനത്ത് ഓണക്കാലത്തെ പത്തുദിവസം ബെവ്റേജസ് കോർപ്പറേഷൻ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 24 ശതമാനം വർധനവോടെ 288.63 കോടി രൂപയുടെ വിറ്റുവരവു നേടി.



**13.** സംസ്ഥാനത്തു പുതിയ 19 സ്വാശ്രയ എഞ്ചിനീയറിംഗ് കോളജുകൾക്കു കൂടി സർക്കാർ അനുമതി നല്കി.

- പട്ടികജാതി- വർഗ വിദ്യാർത്ഥികൾക്കു സൈക്കിൾ വാങ്ങാൻ 3000 രൂപ വീതം നല്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചു.

**14.** തിരുവനന്തപുരത്തുനിന്നും മംഗലാപുരത്തേക്ക് 630 കി.മി ദൈർഘ്യം വരുന്ന റെയിൽ ഇടനാഴി നിർമിക്കുക ലക്ഷ്യമാക്കി കേരള ഹൈസ്പീഡ് റയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ കമ്പനി രജിസ്റ്റർ ചെയ്തു.

**15.** ഡിവൈഎഫ്ഐയിൽ മദ്യം കഴിക്കുന്നവരുടെ എണ്ണം ആശങ്കയുളവാക്കുന്ന വിധത്തിൽ വർധിക്കുന്നതായി സംസ്ഥാന പ്രസിഡണ്ട് എം.ബി.രാജേഷ് എം.പി.

- സപ്ലൈകോ ഓണം-റംസാൻ കാലത്ത് 310 കോടി രൂപയുടെ വിറ്റുവരവു നേടി.




**9.** വോട്ടിനുകോഴ കേസ് പുറത്തുകൊണ്ടുവന്ന ഒളിക്യാമറ പ്രവർത്തനം തന്റെ അറിവോടുകൂടിയായിരുന്നെന്നും ധൈര്യമുണ്ടെങ്കിൽ തന്നെയും അറസ്റ്റുചെയ്യാൻ മുതിർന്ന ബിജെപി നേതാവ് എൽ.കെ.അദ്വാനി പാർലമെണ്ടിനകത്തു കേന്ദ്ര സർക്കാരിനെ വെല്ലുവിളിച്ചു.



- അമേരിക്കയിലെ ചികിത്സയ്ക്കുശേഷം കോൺഗ്രസ് അധ്യക്ഷ സോണിയാഗാന്ധി ന്യൂഡൽഹിയിൽ തിരിച്ചെത്തി.



**10.** അഴിമതി ആരോപണ വിധേയനായതിനെത്തുടർന്നു രമേശ് പോക്രിയാലിനെ ഉത്തരാഖണ്ഡ് മുഖ്യമന്ത്രി സ്ഥാനത്തുനിന്നും ബിജെപി കേന്ദ്ര നേതൃത്വം നീക്കി.

- സലിംകുമാർ (മികച്ച നടൻ), സലിം അഹമ്മദ് (മികച്ച സംവിധായകൻ) എന്നിവരുൾപ്പെടെ, രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ ദേശീയ ചലച്ചിത്ര പുരസ്കാരങ്ങൾ ഏറ്റുവാങ്ങി.



**11.** മിസിസ് കേരളയും കളമശ്ശേരി സ്വദേശിയുമായ ഡോ.ജീമോൾ മിസിസ് ഇന്ത്യ വേൾഡ് വൈഡ്-2011 ആയി തെരഞ്ഞെടുക്കപ്പെട്ടു.

- ഉത്തരാഖണ്ഡ് മുഖ്യമന്ത്രിയായി ബി.സി.ഖണ്ഡൂരി (76) സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.



**12.** ഗുജറാത്ത് കലാപവുമായി ബന്ധപ്പെട്ട ഗുൽബെർഗ സൊസൈറ്റി കേസിൽ മുഖ്യമന്ത്രി നരേന്ദ്രമോഡിക്കെതിരെ അന്വേഷണം നടത്തണമോ എന്ന കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് അഹമ്മദാബാദിലെ വിചാരണ കോടതിയാണെന്നു സുപ്രീം കോടതി.



**13.** തമിഴ്നാട്ടിൽ ആർക്കോണത്തിനടുത്തു സിത്തേരി റെയിൽവേ സ്റ്റേഷനിൽ ട്രെയിനുകൾ കൂട്ടിയിടിച്ച് ഒൻപതുപേർ കൊല്ലപ്പെട്ടു.

* വിഖ്യാത ബോളിവുഡ് ഫാഷൻ ഫോട്ടോഗ്രാഫർ ഗൗതം രാജാധ്യക്ഷ (62) അന്തരിച്ചു.

**14.** ഭൂമി, പെട്രോൾ പമ്പ്, ഫോൺ തുടങ്ങിയവ അംഗീകരിക്കാൻ മന്ത്രിമാർക്കുള്ള വിവേചനാധികാരം എടുത്തുകളയുക, അഴിമതിക്കാരായ ഉദ്യോഗസ്ഥർ വിരമിച്ചാലും പെൻഷനിൽ കുറവുവരുത്തുക തുടങ്ങിയവ ഉൾപ്പെടെ അഴിമതി തടയാനുള്ള വ്യാപക നടപടികൾക്കു കേന്ദ്ര മന്ത്രിസഭ അംഗീകാരം നല്കി.

* രാജ്യത്ത് ഒരാൾ പോലും പട്ടിണി കൊണ്ടും പോഷകാഹാരക്കുറവുകൊണ്ടും മരിക്കരുതെന്നും പാവങ്ങൾക്കു ഭക്ഷണം കൊടുക്കേണ്ടതു ഗവൺമെണ്ടിന്റെ ഉത്തരവാദിത്വമാണെന്നും സുപ്രീം കോടതി.



* മേഘാലയയിൽ കോൺഗ്രസ് നേതൃത്വത്തിലുള്ള മുകുൾ സാങ്മ സർക്കാരിനെതിരെ കൊണ്ടുവന്ന അവിശ്വാസപ്രമേയം പരാജയപ്പെട്ടു.

**15.** കേന്ദ്രസർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത നിലവിലുള്ള 51ൽ നിന്ന് 7 ശതമാനം വർധിപ്പിച്ച് 58 ശതമാനമാക്കി.

* രൂപയുടെ വിലയിടിവും നാണ്യപ്പെരുപ്പവും ചൂണ്ടിക്കാട്ടി പെട്രോളിയം കമ്പനികൾ പെട്രോൾ വില ലീറ്ററിന് 3.14 രൂപ ഉയർത്തി.



* പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ സമീപനരേഖ കേന്ദ്രമന്ത്രിസഭ അംഗീകരിച്ചു.




**9.** താൻ നൈജറിൽ രാഷ്ട്രീയാഭയം തേടിയെന്ന പ്രചാരണം കളവാണെന്നും ലിബിയയിൽ തന്നെ ഉണ്ടെന്നും മുൻ ഏകാധിപതി മു അമ്മർ ഗദ്ദാഫി ടെലിവിഷനിലൂടെ നടത്തിയ ശബ്ദസന്ദേശത്തിൽ അവകാശപ്പെട്ടു.



* വിമതരുടെ പ്രക്ഷോഭത്തെത്തുടർന്ന് ഒളിവിൽ കഴിയുന്ന ലിബിയൻ പ്രസിഡണ്ട് മു അമ്മർ ഗദ്ദാഫി, മകൻ സെയ്ഫ് അൽ ഇസ്ലാമി, ഇന്റലിജൻസ് മേധാവി അബ്ദുല്ല അൽ സെനൂസി എന്നിവരെ മാനവരാശിക്കെതിരെ നടത്തിയ അതിക്രമങ്ങളുടെ പേരിൽ അറസ്റ്റു ചെയ്യാൻ ഇന്റർപോൾ റെഡ്കോർണർ നോട്ടീസ് പുറപ്പെടുവിച്ചു.

**10.** ചന്ദ്രന്റെ ഉൾഭാഗങ്ങളുടെ ഭൂപടചിത്രീകരണം ലക്ഷ്യമാക്കി യുഎസ് ബഹിരാകാശ ഏജൻസിയായ നാസ ഫ്ളോറിഡായിലെ കേപ് കനാവറിലിൽ നിന്നും ഇരട്ട ഉപഗ്രഹങ്ങൾ വിക്ഷേപിച്ചു.

* മൂവായിരത്തിലധികം നിരപരാധികൾ കൊല്ലപ്പെട്ട സെപ്റ്റംബർ 11 ഭീകരാക്രമണത്തിന്റെ പത്താം വാർഷികത്തിൽ കൊല്ലപ്പെട്ടവരുടെ കുടുംബാംഗങ്ങൾ യു. എസ്. പ്രസിഡണ്ട് ബറാക് ഒബാമ, മുൻ പ്രസിഡണ്ട് ജോർജ് ഡബ്ലിയൂ. ബുഷ് എന്നിവരുടെ നേതൃത്വത്തിൽ പുതുതായി നിർമിച്ച വേൾഡ് ട്രേഡ് സെന്ററിനു മുന്നിൽ ഒത്തുകൂടി.



**11.** ഓസ്കാർ പുരസ്കാര ജേതാവും സ്പൈഡർമാൻ ചിത്രങ്ങളിലെ അഭിനേതാവുമായ ക്ലിഫ് റോബർട്സൺ (88) അന്തരിച്ചു.

* അഫ്ഗാനിസ്ഥാനിൽ ജൂലൈ 28നു ബി.ബി.സി ലേഖകനായ അഹമ്മദ് ഒമേദ് ഖവുൽവാക്കിനെ (25) ചാവേറാണെന്നു തെറ്റിദ്ധരിച്ച് അബദ്ധത്തിൽ വധിക്കുകയായിരുന്നെന്നു നാറ്റോ സമ്മതിച്ചു.

**12.** കെനിയൻ തലസ്ഥാനമായ നയ്റോബിയിൽ പെട്രോൾ പൈപ്പ്ലൈനിൽ ഉണ്ടായ സ്ഫോടനത്തിൽ നൂറിലേറെ പേർ കൊല്ലപ്പെട്ടു.

* ലിബിയൻ ഏകാധിപതി മു അമ്മർ ഗദ്ദാഫിയുടെ മകൻ സാദി ഗദ്ദാഫിക്ക് അയൽരാജ്യമായ നൈജർ അഭയം നല്കി.



**13.** ഭീകരവിരുദ്ധ പോരാട്ടത്തിൽ വിശ്വസിക്കാനാവാത്ത സഖ്യകക്ഷിയാണു പാകിസ്ഥാനെന്നു യു.എസ്.വൈസ് പ്രസിഡണ്ട് ജോ ബൈഡൻ.



* ബ്രസീലിലെ സാവോ പോളോയിൽ നടന്ന 60-ാമതു വിശ്വസുന്ദരി മത്സരത്തിൽ അംഗോളിയയിൽ നിന്നുള്ള ലൈല ലോപ്പസ് വിജയിച്ചു.

**14.** ബയോഡീസൽ കണ്ടുപിടിച്ചു ബ്രസീലിന്റെ അഭിമാനമായി മാറിയ ജോസൈ ദസാ പെരന്റെ (70) അന്തരിച്ചു.

* ഐക്യരാഷ്ട്രസംഘടനയിൽ പലസ്തീന് അംഗത്വം നല്കേണ്ട സമയം അതിക്രമിച്ചതായി തുർക്കി പ്രധാനമന്ത്രി തയ്യിസ് എർദോഗാൻ.

**15.** ഇന്ത്യൻ മുജാഹിദീനെ യു.എസ്. ഭീകരസംഘടനകളുടെ പട്ടികയിൽ ഉൾപ്പെടുത്തി.

* വടക്കുപടിഞ്ഞാറൻ പാകിസ്ഥാനിലെ ലോവർ ഭീറിൽ താലിബാൻ വിരുദ്ധനും ഗോത്രവർഗനേതാവുമായ സഫീർ സുൽത്താൻഖാന്റെ ഖബറടക്ക ചടങ്ങിനു നേരെയുണ്ടായ തീവ്രവാദി ആക്രമണത്തിൽ 31 പേർ കൊല്ലപ്പെട്ടു

*****




## അനുയാത്രികരുടെ ആത്മഭാഷണങ്ങൾ

*എഡിറ്റർ : ടി.കെ.രാധാകൃഷ്ണൻ*

പ്രസാ: പ്രിന്റ് ഹൗസ് പബ്ലിക്കേഷൻസ്

മതിലകം, തൃശൂർ

ഫോൺ: 0480 2859021

*വില : ₹ 70/-*

പത്തൊമ്പതു ചെറുകഥകളുടെ സമാഹാരമാണിത്. ഈ കഥകളെഴുതിയവർക്ക് എഴുത്തിൽ പ്രായപൂർത്തിയായി എന്നു തെളിയിക്കാൻ കതിർക്കനമുള്ളതാണ് ഈ കൊയ്ത്തിന്റെ കറ്റ. വൈവിധ്യമാർന്ന കഥകളിലൂടെ ഇവർ സമകാലികാവസ്ഥകളുടെ ഭ്രമങ്ങളും, ഭീതികളും, ഭംഗികളും വളച്ചുകെട്ടില്ലാതെ ലളിതഭാഷയിൽ വരച്ചുവയ്ക്കുന്നു. കേരള സാഹിത്യ അക്കാദമി 1988ൽ ഗുരുവായൂരിൽ നടത്തിയ കഥാ ക്യാമ്പിൽ പങ്കെടുത്തവരുടെ കഥാസമാഹാരമാണ് ഈ കൃതി. അനുഭൂതികൾ പകർന്നുതരാൻ ഇവർ ഒട്ടും ആയാസപ്പെടുന്നില്ല.



## കുറുക്കന്റെ തന്ത്രങ്ങൾ

*മാത്യു കാരാംവേലി*

പ്രസാ: അരുൺ ബുക്സ്

നിലമ്പൂർ

ഫോൺ: 04931 220734

*വില : ₹ 30/-*

കിളിയൊച്ച നിലയ്ക്കാത്ത കാടും അതിനുള്ളിൽ യഥേഷ്ടം വിഹരിക്കുന്ന മൃഗങ്ങളും ഇളം ഭാവനകളുടെ നിത്യവിസ്മയങ്ങളാണ്.

മൃഗങ്ങളിൽ ഏറ്റവും സൂത്രശാലി കുറുക്കനാണല്ലോ! അമ്പരപ്പിക്കുന്ന കൗശലങ്ങളിലൂടെ കാട്ടുരാജാക്കന്മാരെ വട്ടം കറക്കുന്ന അവന്റെ ചെപ്പടിവിദ്യകൾ കുട്ടികളെ ഏറെ ഹരം പിടിപ്പിക്കുന്നു.



മാത്യു കാരാംവേലി രചിച്ച 'കുറുക്കന്റെ തന്ത്രങ്ങൾ,' സ്വയം രക്ഷപ്പെടുവാനും ശത്രുക്കളെ സംഹരിക്കാനുമായി കുറുക്കൻ നടത്തുന്ന സാഹസികവും തന്ത്രപരവുമായ ഇടപെടലുകളുമാണ് അനാവരണം ചെയ്യുന്നത്. കുട്ടികൾക്കു വായിച്ചു വളരാൻ അരുൺ ബുക്സ് ഒരുക്കുന്ന ഒരു ഉത്തമ ബാലസാഹിത്യ കൃതിയാണു 'കുറുക്കന്റെ തന്ത്രങ്ങൾ'.

## വിനോബാഭാവെയുടെ ജീവിതവും കഥകളും

*എം.ആർ.മനോഹരവർമ*

പ്രസാ: ഉൺമ പബ്ലിക്കേഷൻസ്

നൂറനാട്, ആലപ്പുഴ

ഫോൺ: 0479 2385585

*വില : ₹ 80/-*

ഗാന്ധിജിയുടെ പ്രവർത്തനങ്ങൾ പിൻതുടർന്നു പോന്ന ഋഷിവര്യനായ ആചാര്യ വിനോബാഭാവെയുടെ ജീവിതദർശനത്തിലേക്കു വിരൽചൂണ്ടുകയാണ് ഈ കൃതി. വിദ്യാർത്ഥികളും യുവാക്കളും ജീവിതത്തിൽ ഉൾക്കൊള്ളേണ്ട ആദർശങ്ങളും സന്ദേശങ്ങളും ഇതിലെ രചനകളിലൂടെ പ്രതിപാദിക്കുന്നു. വേദനിക്കുന്നവന്റെ കണ്ണീരൊപ്പിയ, സമുദായത്തിന്റെ നന്മയ്ക്കുവേണ്ടി ഏതു ജോലിയും ചെയ്യാൻ സന്നദ്ധത പ്രകടിപ്പിച്ച വിനോബാജി, തോല്‌വി വിജയത്തിന്റെ ലക്ഷണമാണെന്നു നമുക്കു കാട്ടിത്തന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ആദർശ പവിത്രത നഷ്ടപ്പെടാതിരിക്കാൻ പ്രചോദനം നല്കുന്ന ഒരു ഉത്തമകൃതിയാണിത്.



*Chief Editor: Prof. Dr. Kurias Kumblakuzhy. Edited, printed and published by the Chief Editor for Pratichaya Publishing Trust, Kottayam. Printed at Mangalam Publications & Pvt. Ltd, Kottayam.*

# പ്രതിച്ഛായ

## രാഷ്ട്രീയ സാംസ്കാരിക വാർത്താവാരിക

**അഞ്ചാം വയസ്സിലേക്ക്**

പ്രാദേശിക ദേശീയ രാഷ്ട്രീയ ചലനങ്ങൾ
സത്യസന്ധതയോടെയും പ്രതിജ്ഞാബദ്ധതയോടെയും
വായനക്കാരിലേക്കെത്തിക്കുന്നു

സാംസ്കാരിക കേരളത്തിന്റെ ഉൾത്തുടിപ്പുകൾ
ഒപ്പിയെടുക്കുന്ന ലേഖനങ്ങൾ, പഠനങ്ങൾ

**തെറ്റും തിരുത്തും**
പ്രൊഫ. മാടവന ബാലകൃഷ്ണപിള്ള

**രാഷ്ട്രീയകേരളം**
സാബു ജോൺ

**വാരവിചാരണ**
ജെയ്സൺ ജോസ്

**കണ്ണിനും കണ്ണാടിക്കും**
എസ്. കൃഷ്ണദാസ്

**സിപ്പിയങ്കിളും കുട്ട്യോളും**
സിപ്പി പള്ളിപ്പുറം

**ഫ്ളാഷ് ബാക്ക്**
തേക്കിൻകാട് ജോസഫ്

**സുദർശനം**
കിളിരൂർ രാധാകൃഷ്ണൻ

എന്നീ പംക്തികൾക്കു പുറമെ
ബാലലോകം
രാഷ്ട്രീയ വാർത്തകൾ
ന്യൂസ് ഡയറി
എന്നിവയും

**വരുത്തുക വായിക്കുക പ്രബുദ്ധരാവുക**
*വാർഷിക വരിസംഖ്യ 500 രൂപ (തപാലിൽ മാത്രം)*

എല്ലാ ബുധനാഴ്ചയും കോട്ടയത്തു നിന്നു പ്രസിദ്ധീകരിക്കുന്നു

പ്രതിച്ഛായ, പാലസ് റോഡ്, കോട്ടയം – 686001, ഫോൺ: 0481 2564085